

VOL NO: 08 | ISSUE 37
2024 SEPTEMBER 14 | ₹10

# നേർപഥം
വാരിക

www.nerpatham.com | mail@nerpatham.com

മനുഷ്യന്റെ അടങ്ങാത്ത ജിജ്ഞാസയുടെ ഉൽപന്നമാണ് ജ്യോതിശാസ്ത്രം. മനുഷ്യന്റെ ആഴത്തിലുള്ള അജ്ഞതയുടെ ഉപോൽപന്നമാണ് ജ്യോതിഷം. ഇവ രണ്ടിനെയും സമീകരിക്കുന്നത് ശാസ്ത്രത്തെ കരിവാരിത്തേക്കാനും അന്ധവിശ്വാസങ്ങളെ വെള്ളപൂശാനും മാത്രമെ ഉപകരിക്കൂ.

# ജ്യോതിഷവും ജ്യോതിശാസ്ത്രവും: ഒരു പഠനം

## മൂല്യനിരാസത്തിലേക്ക് നയിക്കുന്ന ദൃശ്യകലകൾ

|| നബിമാർ പ്രാർഥിച്ചത് ആരോട്?

|| ആദർശത്തിനു പരിക്കേൽപിച്ചവർ ആര്?

|| ആത്മീയ ചൂഷണം കടന്നുവന്ന വഴികൾ

# അറിവ് തേടി
# അലയേണ്ടതില്ല...
# അറിയേണ്ടതെല്ലാം
# വിരൽ തുമ്പിലുണ്ട്...
# പീസ് റേഡിയോ.....




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0399
# നേർപഥം
വാരിക

2024 സെപ്തംബർ 14
1446 റ. അവ്വൽ 11
പുസ്തകം 08 / ലക്കം 37

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




**05** മുഖമൊഴി
ജീവിത ശൈലി രോഗങ്ങളും ഭക്ഷണത്തിലെ ഇസ്‌ലാമിക മര്യാദകളും

**06** ലേഖനം
സ്വർഗവീഥികൾ
ഡോ. ടി. കെ. യൂസുഫ്

**09** ജാലകം
ആത്മീയ ചൂഷണം കടന്നുവന്ന വഴികൾ
കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ

**18** ചരിത്രപഥം
മലബാർ സമരം:വർഗീയ വ്യാഖ്യാനത്തിനെതിരെ ഇ.കെ. മൗലവി
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**23** കാഴ്ച
വിശപ്പകറ്റാൻ വെന്തുരുകുന്നവർ
നബീൽ പയ്യോളി

**24** വിമർശനം
ആദർശത്തിനു പരിക്കേൽപിച്ചവർ ആര്?
മൂസ സ്വലാഹി കാര

കവർ സ്റ്റോറി




പി.ഒ അബൂ ഫസീഹ്

മനുഷ്യന്റെ അടങ്ങാത്ത ജിജ്ഞാസയുടെ ഉൽപന്നമാണ് ജ്യോതിശാസ്ത്രം. മനുഷ്യന്റെ ആഴത്തിലുള്ള അജ്ഞതയുടെ ഉപോൽപന്നമാണ് ജ്യോതിഷം. ഇവ രണ്ടിനെയും സമീകരിക്കുന്നത് ശാസ്ത്രത്തെ കരിവാരിത്തേക്കാനും അന്ധവിശ്വാസങ്ങളെ വെള്ളപൂശാനും മാത്രമെ ഉപകരിക്കൂ.

**26** വീക്ഷണം
മൂല്യ നിരാസത്തിലേക്ക് നയിക്കുന്ന ദൃശ്യകലകൾ
മുഹമ്മദ് സിയാദ്, വാരണാക്കര

**29** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**32** പഠനം
നബിമാർ പ്രാർഥിച്ചത് ആരോട്?
മുനവ്വർ ഫൈറൂസ്

**34** കവിത
മനുഷ്യരാവുക!
ഉസ്മാൻ പാലക്കാഴി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ഉന്നത പൊലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണം; മുഖ്യമന്ത്രി വിശദീകരണം നൽകണം: വിസ്ഡം പ്രവർത്തക സമിതി

കോഴിക്കോട്: ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പൊലീസ് ഉദ്യോഗസ്ഥൻമാർക്കെതിരിൽ ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രവർത്തക സമിതി ആവശ്യപ്പെട്ടു.

ഉത്തരവാദപ്പെട്ട ജനപ്രതിനിധി തന്നെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ ആരോപണം ഉന്നയിച്ച സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്കയകറ്റാൻ മുഖ്യമന്ത്രി ഇടപെടണം.

മണിപ്പൂരിൽ സമാധാനം പുന:സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും സംസ്ഥാന പ്രവർത്തക സമിതി ആവശ്യപ്പെട്ടു. ഇരുവിഭാഗങ്ങൾക്കിടയിൽ വിദ്വേഷം വളർത്താൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. കലാപകാരികൾക്ക് രാഷ്ട്രീയാഭയവും പിന്തുണയും നൽകുന്നതാണ് ഇടയ്ക്കിടെ അക്രമണങ്ങൾ വ്യാപകമാകുന്നതിന്റെ അടിസ്ഥാന കാരണം.

രാജ്യത്തിന്റെ ഭരണഘടനാ താൽപര്യങ്ങൾക്ക് വിരുദ്ധമായി ആസാമിലെ മുസ്‌ലിം ന്യൂനപക്ഷ വിഭാഗങ്ങളെ പൗരത്വ ഭേദഗതി നിയമം മറയാക്കി നടപടിക്ക് വിധേയമാക്കുന്നതിനെതിരെ ജനാധിപത്യ രീതിയിലുള്ള പ്രതിഷേധം ഉയർന്നു വരണമെന്നും കേന്ദ്ര പ്രതിപക്ഷം ക്രിയാത്മകമായി ഇടപെടണമെന്നും പ്രവർത്തക സമിതി ആവശ്യപ്പെട്ടു.

വിസ്ഡം എജ്യൂക്കേഷൻ ബോർഡ് സംഘടിപ്പിക്കുന്ന മദ്റസ അധ്യാപക സമ്മേളനം സെപ്റ്റംബർ 15ന് കൊയിലാണ്ടിയിലും വിസ്ഡം യൂത്ത് സംഘടിപ്പിക്കുന്ന ടീച്ചേഴ്സ് കോൺഫറൻസ് സെപ്റ്റംബർ 29ന് പെരിന്തൽമണ്ണയിലും പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസ് 'പ്രൊഫൈസ്' നവംബർ 16, 17 തീയതികളിൽ കണ്ണൂരിലും വിസ്ഡം സ്റ്റുഡൻസ് സംഘടിപ്പിക്കുന്ന പ്രൊഫഷണൽ സ്റ്റുഡൻസ് ഗ്ലോബൽ കോൺഫറൻസ് ഒക്ടോബർ 11,12,13 തീയതികളിൽ തിരുവനന്തപുരത്തും നടക്കും.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി എൻ അബ്ദുല്ലത്തീഫ് മദനി അധ്യക്ഷത വഹിച്ചു. ലജ്നത്തുൽ ബുഹൂസുൽ ഇസ്‌ലാമിയ്യ ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി കെ അഷ്റഫ്, വൈസ് പ്രസിഡന്റ് ശരീഫ് ഏലാങ്കോട്, പ്രൊഫ. ഹാരിസ്ബ്നു സലീം, നാസിർ ബാലുശ്ശേരി, സി.പി സലീം, കെ. സജ്ജാദ്, മുജീബുല്ല അൻസാരി, അബൂബക്കർ ഉപ്പള, ജാബിർ പി മൂസ എറണാകുളം, ഷംസുദ്ദീൻ ഇടുക്കി, നിസാർ കരുനാഗപ്പള്ളി, റഷീദ് മാസ്റ്റർ കാരപ്പുറം, മുഹമ്മദ് ഹനീഫ, റഷീദ് കൊടക്കാട്ട് എന്നിവർ സംസാരിച്ചു ■

# ജീവിത ശൈലി രോഗങ്ങളും ഭക്ഷണത്തിലെ ഇസ്‌ലാമിക മര്യാദകളും

അമിതമായി ഭക്ഷണം കഴിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ച് അറിയാത്തവരല്ല മലയാളികൾ. വാട്സാപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയുമൊക്കെ നിരന്തരം അതിന്റെ ദൂഷ്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ നമ്മുടെ മുമ്പിലെത്താറുണ്ട്. അതൊക്കെ കണ്ടും കേട്ടും വായിച്ചും ആസ്വദിക്കുമെന്നല്ലാതെ ആഹാരം നിയന്ത്രിക്കുന്ന വിഷയത്തിൽ ആരും ശ്രദ്ധിക്കാറില്ല എന്നതാണ് വാസ്തവം. ഈ വിഷയത്തിലും ഇസ്‌ലാം കൃത്യമായ മാർഗനിർദേശം ലോകത്തിന് നൽകുന്നുണ്ട്.

മിതാഹാരമാണ് ഇസ്‌ലാം നിർദേശിക്കുന്നത്. ദഹനേന്ദ്രിയ രോഗങ്ങൾ വരാതിരിക്കാനും ഇത് അനിവാര്യമാണ്. അല്ലാഹു പറയുന്നു: “നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. അമിതമാകരുത്. അമിതമാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല”(ക്വുർആൻ 7:31).

അമിതമായി ആഹരിക്കുന്നത് വിശ്വാസിയുടെ സംസ്കാരമല്ലെന്ന് നബി(സ്വ) വ്യക്തമാക്കുന്നു: “സത്യവിശ്വാസി ഒരു കുടലിൽ ഭക്ഷിക്കുന്നു. സത്യനിഷേധി ഏഴ് കുടലിൽ ഭക്ഷിക്കുന്നു” (മുസ്‌ലിം).

ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവി പറയുന്നു: “സത്യനിഷേധിയുടെ ലക്ഷ്യം ഉദരമാണ്. വിശ്വാസിയുടെ ലക്ഷ്യം പരലോകവും. അതിനാൽ ഭക്ഷണം കുറക്കലാണ് വിശ്വാസിക്ക് അനുയോജ്യം. മാത്രമല്ല അത് വിശ്വാസത്തിന്റെ ഒരു ശാഖയുമാണ്. എന്നാൽ ആർത്തി നിഷേധത്തിന്റെ ഭാഗവും” (ഹുജ്ജതുല്ലാഹിൽ ബാലിഗ).

അമിതാഹാരം ഉപേക്ഷിക്കണമെന്ന് മാത്രമല്ല മിതാഹാരത്തിന്റെ രൂപം നബി(സ്വ) സൂചിപ്പിക്കുക കൂടി ചെയ്തു: “ഉദരത്തെക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറച്ചിട്ടില്ല. മനുഷ്യന്ന് തന്റെ മുതുകിനെ നേരെ നിർത്തുന്ന ഏതാനും ഉരുളകൾ മതിയാകുന്നതാണ്. അനിവാര്യമാണെങ്കിൽ മൂന്നിലൊരുഭാഗം ഭക്ഷണത്തിനും മൂന്നിലൊരുഭാഗം പാനീയത്തിനും മൂന്നിലൊരുഭാഗം ശ്വസനത്തിനും അവർ ഉപയോഗിക്കട്ടെ” (തിർമിദി, ഹാകിം).

അമിതാഹാരം ആരോഗ്യവിഷയത്തിലും ആരാധനാകർമങ്ങളിലുമൊക്കെ ഉണ്ടാക്കുന്ന വിഷമങ്ങൾ കുറച്ചൊന്നുമല്ല. തദ്സംബന്ധമായി പണ്ഡിതന്മാർ നൽകിയ വിവരണം ചിന്താർഹമാണ്: “ജീവൻ നിലനിർത്താനും നമസ്കാരം, നോമ്പ് തുടങ്ങിയ നിർബന്ധ ബാധ്യതകൾ നിർവഹിക്കുവാനും മതിയായ ഭക്ഷണം അനിവാര്യവും ഐഛികാരാധനകൾ നിർവഹിക്കുവാനും ഉപജീവനത്തിനു വേണ്ടി തൊഴിൽ ചെയ്യാനും വേണ്ടത്ര അത് കഴിക്കുന്നത് ആവശ്യവുമാണ്. എന്നാൽ മൂന്നിലൊരു ഭാഗം വരെ കഴിക്കുന്നത് അനുവദിക്കപ്പെട്ടതാണ്. അതിനെക്കാളധികം ഭക്ഷിച്ചാൽ ഉറക്കവും അലസതയും ശരീരത്തിന് ഭാരവും അത് ഉണ്ടാക്കുന്നതാണ്.”

ഫത്ഹുൽ ബാരി, സാദുൽ മആദ് തുടങ്ങിയ ഗ്രന്ഥങ്ങളിൽ വിവരിച്ച ഇത്തരം വിപത്തുകളെക്കുറിച്ച് ആധുനിക വൈദ്യശാസ്ത്രം കൂടുതൽ വിശദീകരിക്കുകയും ജാഗ്രത പുലർത്താൻ നിർദേശിക്കുകയും ചെയ്യുന്നു.

ഭക്ഷണം കഴിച്ച് രണ്ടുമണിക്കൂറിനുള്ളിൽ ദഹനപ്രക്രിയ ഉദരത്തിൽ തിരക്കുപിടിച്ച് നടക്കുന്നു. മൂന്ന് മണിക്കൂറിനകം അത് പൂർത്തിയാകുകയും ചെയ്യുന്നു. എന്നാൽ അമിതാഹാരം മൂലം ഭക്ഷണം ദഹിക്കാൻ എട്ട് മണിക്കൂർ വേണ്ടിവരുന്നു. ഇത് അജീർണവും അതിസാരം, തലവേദന, കൂടിയ രക്തസമ്മർദം, ഹൃദ്രോഗം, പ്രമേഹം തുടങ്ങിയ പല രോഗങ്ങളും ഉണ്ടാക്കുന്നു. ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടി ഇസ്‌ലാമിക നിർദേശങ്ങൾ ലക്ഷ്യംവെക്കുന്നുവെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.




ഡോ. ടി. കെ. യൂസുഫ്
: 9349798262

# സ്വർഗവീഥികൾ

*21. അനാഥസംരക്ഷണം:* അനാഥകളെ സംരക്ഷിക്കുന്നതിലൂടെ ഒരാൾക്ക് സ്വർഗ പ്രവേശനം സാധ്യമാകും. നബി(സ്വ) പറഞ്ഞു:

“ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും.” (ഇത് പറയുമ്പോൾ) അദ്ദേഹം തന്റെ ചൂണ്ടുവിരലും നടുവിരലും ഒരുമിച്ച് പിടിച്ചു (ബുഖാരി).

22. പെൺകുട്ടികളുടെ സംരക്ഷണം: ആരെങ്കിലും മൂന്ന് പെൺകുട്ടികളെയോ സഹോദരിമാരെയോ സംരക്ഷിച്ചാൽ അവൻ സ്വർഗാവകാശിയായിത്തീരും.

നബി(സ്വ) പറഞ്ഞു: “ആർക്കെങ്കിലും മൂന്ന് പെൺ കുട്ടികളുണ്ടായി, അല്ലെങ്കിൽ മൂന്ന് സഹോദരിമാരുണ്ടായി. അവൻ അവരുടെ സംരക്ഷണം നിർവഹിച്ചു. അവൻ എന്റെ കൂടെ സ്വർഗത്തിലായിരിക്കും.” (ഇത് പറയുമ്പോൾ) ചൂണ്ടുവിരലും നടുവിരലും അദ്ദേഹം ഉയർത്തിക്കാണിച്ചു. (മുസ്‌ലിം).

കച്ചവടവസ്തുക്കൾ വിൽക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ വിലയിൽ വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ സ്വർഗാവകാശിയായിത്തീരാൻ സാധിക്കും.
നബി(സ്വ) പറഞ്ഞു: “കടം വാങ്ങുമ്പോഴും വീട്ടുമ്പോഴും വിൽക്കുമ്പോഴും വാങ്ങുമ്പോഴും വിട്ടുവീഴ്ച ചെയ്യുന്ന ഒരു വ്യക്തിയെ അല്ലാഹു സ്വർഗത്തിലാക്കട്ടെ”

*23. സന്താനങ്ങളുടെ വിയോഗത്തിൽ ക്ഷമിക്കുക:* വിശ്വാസികൾക്ക് പരീക്ഷണാർഥം സന്താനങ്ങളെ നഷ്ടപ്പെടാറുണ്ട്. എന്നാൽ മക്കളുടെ മരണത്തിൽ ക്ഷമിക്കുന്നതിലൂടെ അവർക്ക് സ്വർഗം നേടാൻ കഴിയും.

നബി(സ്വ) പറഞ്ഞു: “സ്വന്തം കുഞ്ഞുങ്ങളിൽ മൂന്നെണ്ണത്തിന്റെ മരണത്തിൽ ആരെങ്കിലും പ്രതിഫലം ആഗ്രഹിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും.” അപ്പോൾ ഒരു സ്ത്രീ ചോദിച്ചു: “രണ്ട് കുഞ്ഞുങ്ങളാണെങ്കിലോ?” അപ്പോൾ നബി(സ്വ) പറഞ്ഞു: “രണ്ട് കുഞ്ഞുങ്ങളാണെങ്കിലും.” നബി(സ്വ) തുടർന്നു: “മുസ്‌ലിം മാതാപിതാക്കാൾ; അവരുടെ മൂന്ന് മക്കൾ പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെട്ടു. അവരോടുള്ള കാരുണ്യം നിമിത്തം അവർ രണ്ടുപേരെയും അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കും. അല്ലാഹു പറയുന്നു: എന്റെ വിശ്വാസിയായ അടിമയുടെ പ്രിയപ്പെട്ടവനെ ദുൻയാവിൽ നിന്നും ഞാൻ പിടിച്ചെടുത്തു. അവൻ അതിൽ പ്രതിഫലം ആഗ്രഹിച്ചാൽ അവന് എന്റെയടുക്കൽ സ്വർഗമല്ലാതെ പ്രതിഫലമില്ല” (സഹീഹുൽ ജാമിഅ്).

*23. രോഗസന്ദർശനം:* രോഗികളെ സന്ദർശിക്കുന്നത് സ്വർഗപ്രവേശനത്തിന് വഴിയൊരുക്കുന്ന ഒരു പുണ്യകർമ്മമാണ്.

നബി(സ്വ) പറഞ്ഞു: “ആരെങ്കിലും ഒരു രോഗിയെ സന്ദർശിച്ചാൽ, അല്ലെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിലുള്ള അവന്റെ സഹോദരനെ സന്ദർശിച്ചാൽ ഒരു വിളിച്ചുപറയുന്നവൻ ഇപ്രകാരം വിളിച്ചു പറയും: ‘നീ നന്നായിത്തീർന്നു. നിന്റെ നടത്തം നന്നായിത്തീർന്നു. നീ സ്വർഗത്തിൽ ഒരു ഭവനം ഒരുക്കി വെച്ചു.” മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: “ആരെങ്കിലും ഒരു രോഗിയെ സന്ദർശിച്ചാൽ അവൻ സ്വർഗത്തോപ്പിലായിരിക്കും; അവിടെനിന്നും മടങ്ങുന്നതുവരെ” (മുസ്‌ലിം).

*24. കച്ചവട ഇടപാടുകളിൽ സൗമ്യതയുള്ള സമീപനം സ്വീകരിക്കുക:* കച്ചവടവസ്തുക്കൾ വിൽക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ വിലയിൽ വിട്ടുവീഴ്ച ചെയ്യുന്നതിലൂടെ സ്വർഗാവകാശിയായിത്തീരാൻ സാധിക്കും.

നബി(സ്വ) പറഞ്ഞു: “കടം വാങ്ങുമ്പോഴും വീട്ടുമ്പോഴും വിൽക്കുമ്പോഴും വാങ്ങുമ്പോഴും വിട്ടുവീഴ്ച ചെയ്യുന്ന ഒരു വ്യക്തിയെ അല്ലാഹു സ്വർഗത്തിലാക്കട്ടെ” (അഹ്മദ്).

*25. സാമ്പത്തിക ഞെരുക്കമുള്ള കടബാധിതന് വിട്ടുവീഴ്ച നൽകുക:* പണം കടം കൊടുക്കുന്നത് പുണ്യകർമവും പ്രതിഫലാർഹവുമാണ്. കടം വാങ്ങിയ പണം തിരിച്ചുനൽകാൻ വിഷമിക്കുന്നവർക്ക് വിട്ടുവീഴ്ച നൽകുന്നതിലൂടെ ഒരാൾക്ക് സ്വർഗം നേടാനാവും.

നബി(സ്വ) പറഞ്ഞു: “ഒരാൾ മരണപ്പെട്ടു, അയാൾ സ്വർഗത്തിൽ പ്രവേശിച്ചു. അപ്പോൾ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: ‘താങ്കൾ എന്താണ് ചെയ്തിരുന്നത്?’ അപ്പോൾ അദ്ദേഹം പറഞ്ഞു: ‘ഞാൻ ജനങ്ങളുമായി കച്ചവടം നടത്തിയിരുന്നു. ഞാൻ ഞെരുക്കമുള്ളവനെ നോക്കും, നാണയത്തിൽ അവന് വിട്ടുവീഴ്ച നൽകും.’ അങ്ങനെ അദ്ദേഹത്തിന് പൊറുത്തുകൊടുക്കപ്പെട്ടു.”

മറ്റൊരു ഹദീസിൽ വന്നത് ഇപ്രകാരമാണ്: “ഒരാൾ ജനങ്ങൾക്ക് കടം കൊടുത്തിരുന്നു. അദ്ദേഹം തന്റെ ഭൃത്യനോട് പറയും: ‘നീ ഞെരുക്കമുള്ളവന്റെ അടുക്കൽ പോകുകയാണങ്കിൽ അവന് വിട്ടുവീഴ്ച ചെയ്യുക. അല്ലാഹു ഒരുപക്ഷേ, നമുക്ക് വിട്ടുവീഴ്ച ചെയ്തു തന്നേക്കാം.’ അദ്ദേഹം അല്ലാഹുവിനെ കണ്ടുമുട്ടി; അവന് പൊറുത്തുകൊടുത്തു” (മുസ്‌ലിം).

*26. സൽകർമങ്ങളുടെ സംയോജനം:* ഒരു വിശ്വാസി ഒരുദിവസം നോമ്പനുഷ്ഠിക്കുകയും ജനാസയെ അനുഗമിക്കുകയും പാവപ്പെട്ടവന് ഭക്ഷണം നൽകുകയും രോഗിയെ സന്ദർശിക്കുകും ചെയ്താൽ അവൻ സ്വർഗാവകാശിയായിത്തീരും.

നബി(സ്വ) പറഞ്ഞു: “ഇന്ന് നിങ്ങളിൽ ആരാണ് നോമ്പെടുത്തിട്ടുള്ളത്?” അബൂബക്ർ(റ) പറഞ്ഞു: “ഞാൻ.” നബി(സ്വ) ചോദിച്ചു: “ആരാണ് ഒരു ജനാസയെ പിന്തുടർന്നത്?” അബൂബക്ർ(റ) പറഞ്ഞു: “ഞാൻ.” നബി(സ്വ) ചോദിച്ചു: “ഇന്ന് ആരാണ് ഒരു പാവപ്പെട്ടവന് ഭക്ഷണം നൽകിയിട്ടുള്ളത്?” അബൂക്ർ (റ) പറഞ്ഞു: “ഞാൻ.” നബി(സ്വ) ചോദിച്ചു: “നിങ്ങളിൽ ആരാണ് ഇന്ന് ഒരു രോഗിയെ സന്ദർശിച്ചത്?” അബൂബക്ർ(റ) പറഞ്ഞു: “ഞാൻ.” നബി(സ്വ) പറഞ്ഞു: “ഒരു മനുഷ്യനിൽ ഇവ ഒരുമിച്ച് കൂടിയിട്ടില്ല; അവൻ സ്വർശത്തിൽ പ്രവേശിച്ചിട്ടല്ലാതെ” (മുസ്‌ലിം).

*27. കാഴ്ച നഷ്ടപ്പെട്ടതു കാരണം ക്ഷമിക്കുക:* ഒരാളുടെ കാഴ്ച നഷ്ടപ്പെട്ടാൽ അവൻ ക്ഷമിക്കുകയും പ്രതിഫലം ആഗ്രഹിക്കുകയും ചെയ്താൽ അവൻ സ്വർശാവകാശിയായിത്തീരും.

അല്ലാഹു പറഞ്ഞതായി നബി(സ്വ) പറയുന്നു: “ആരുടെയെങ്കിലും രണ്ട് പ്രിയപ്പെട്ട വസ്തുക്കൾ (നേത്രങ്ങൾ) ഞാൻ ഇല്ലാതാക്കി; അവൻ ക്ഷമിച്ചു, അവൻ പ്രതിഫലം ആഗ്രഹിച്ചു. അവന് സ്വർഗമല്ലാതെ ഒരു പ്രതിഫലവും ഞാൻ തൃപ്തിപ്പെടുന്നില്ല” (തിർമുദി).

28. അല്ലാഹുവിനെയും ഇസ്‌ലാമിനെയും പ്രവാചകനെയും തൃപ്തിപ്പെടുക: നബി(സ്വ) പറഞ്ഞു: “ആരെങ്കിലും ‘ഞാൻ അല്ലാഹുവിനെ രക്ഷിതാവായും ഇാസ്‌ലാമിനെ മതമായും മുഹമ്മദിനെ ദൂതനായും തൃപ്തിപ്പെട്ടിരിക്കുന്നു’ എന്നു പറഞ്ഞാൽ അവന് സ്വർഗം നിർബന്ധമായി” (അബൂദാവൂദ്).

*29. അല്ലാഹുവിന്റെ നാമങ്ങൾ ഹൃദിസ്ഥമാക്കുക:* നബി(സ്വ) പറഞ്ഞു: “നിശ്ചയം, അല്ലാഹുവിന് തൊണ്ണൂറ്റി ഒമ്പത് നാമം -നൂറിൽ ഒന്ന് ഒഴികെ- ഉണ്ട്. ആരെങ്കിലും അത് ഹൃദിസ്ഥമാക്കിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും” (ബുഖാരി).

*30. സൂറത്തുൽ ഇഖ്‌ലാസ് ഇഷ്ടപ്പെടുകയും അത് സ്ഥിരമായി പാരായണം ചെയ്യുകയും ചെയ്യുക:* ഒരാൾ പറഞ്ഞു: “അല്ലാഹു തന്നെയാണ് സത്യം, ഞാൻ ഈ സൂറത്ത് (ക്വുൽഹുവല്ലാഹു അഹദ്) ഇഷ്ടപ്പെടുന്നു.” അപ്പോൾ അല്ലാഹുവിന്റെ ദൂതർ(സ്വ) പറഞ്ഞു: “നിനക്ക് അതിനോടുള്ള ഇഷ്ടം നിന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കട്ടെ” (അഹ്മദ്).

*31. സൂറത്തുൽ ഇഖ്‌ലാസ് പത്തു തവണ പാരായണം ചെയ്യുക:*

നബി(സ്വ) പറഞ്ഞു: “ആരെങ്കിലും ക്വുൽ ഹുവല്ലാഹു അഹദ് പത്തു തവണ പാരായണം ചെയ്താൽ അവന് സ്വർഗത്തിൽ ഒരു കൊട്ടാരം നിർമിക്കപ്പെടും. ആരെങ്കിലും ഇരുപതു തവണ അത് പാരായണം ചെയ്താൽ അവന് അവന് രണ്ടു കൊട്ടാരങ്ങൾ നിർമിക്കപ്പെടും. ആരെങ്കിലും മുപ്പതു തവണ പാരായണം ചെയ്താൽ അവന് സ്വർഗത്തിൽ മൂന്നു കൊട്ടാരങ്ങൾ നിർമിക്കപ്പെടും” (തിർമുദി)

*32. ദൈവസ്മരണ വർധിപ്പിക്കുക:* ദിക്‌റുകൾ-പ്രത്യേകിച്ച് സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, ലാഇലാഹ ഇല്ലല്ലാഹ് എന്നിവ-വർധിപ്പിക്കുക.

നബി(സ്വ) പറഞ്ഞു: “നീ സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, ലാ ഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ എന്ന് പറയുക. ഇവയിൽ ഓരോന്നിനും നിനക്ക് സ്വർഗത്തിൽ ഒരുവൃക്ഷം നടപ്പെടും.”

മറ്റൊരു ഹദീസിൽ വന്നത് ഇപ്രകാരമാണ്: “ആരെങ്കിലും സുബ്ഹാനല്ലാഹിൽ അദ്വീം വബിഹംദിഹി എന്ന് പറഞ്ഞാൽ അവന് സ്വർഗത്തിൽ ഒരു ഈന്തപ്പന നടപ്പെടും” (ഇബ്നു മാജ).

അത് പോലെ ‘ലാ ഹൗല വലാ കുവ്വത ഇല്ലാ ബില്ലാഹ്’ എന്നത് സ്വർഗത്തിലെ നിധിയാണെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. നബി(സ്വ) പറഞ്ഞു: “ലാ ഹൗല വലാ കുവ്വത ഇല്ലാ ബില്ലാഹ്; നിശ്ചയം, അത് സ്വർഗത്തിലെ നിധികളിൽ പെട്ട ഒരു നിധിയാണ്” (മുസ്‌ലിം).

കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ
: 9947452245



# ആത്മീയ ചൂഷണം കടന്നുവന്ന വഴികൾ

കേരളക്കരയിലേക്ക് ഇസ്‌ലാം മതം കടന്നുവരുന്നത് സ്വാഭാവികമായ ഒരു സാഹചര്യത്തിന്റെ ഫലമാണ്. അറബ് മുസ്‌ലിം വ്യാപാരികൾ ഈ നാട്ടിലെ ജനങ്ങളുമായി ഇടപഴകിയപ്പോൾ അവരിൽനിന്ന് സമത്വബോധവും സൽവിചാരവും നേരിൽ കണ്ട ഇന്നാട്ടുകാർ നൂറ്റാണ്ടുകളായി തങ്ങളനുഭവിക്കുന്ന ഉച്ഛനീചത്വങ്ങളിൽ നിന്നുള്ള മോചനം ഈ വ്യാപാരികളുടെ മതത്തിലുണ്ട് എന്ന് നേരിൽ അനുഭവച്ചറിഞ്ഞതു കൊണ്ടാണ് ഇസ്‌ലാം സ്വീകരിച്ചത്. മേൽജാതി, കീഴ്ജാതി, ഐത്തം തുടങ്ങി ഒട്ടനവധി അനാചാരങ്ങളം അന്ധവിശ്വാസങ്ങളും കൊണ്ട് പൊറുതിമുട്ടിയ സമൂഹം ഇസ്‌ലാമിന്റെ വിശ്വാസം, സ്വഭാവം, ആചാര മഹിമ മുതലായവ നേരിട്ടറിഞ്ഞപ്പോൾ അതിൽ ആകൃഷ്ടരായി എന്നു മാത്രം. ഈ ഇസ്‌ലാമികത്തനിമ നിലനിർത്തിയ ഒരു സമൂഹമായിരുന്നു തുടക്കം മുതൽ ഇന്നാട്ടിലെ മുസ്‌ലിംകൾ. കേരളത്തിൽ ഏതു രംഗങ്ങളിലും പ്രബലതയും സാന്നിധ്യവും അംഗീകാരവുമുള്ള ജനതായായിരുന്നു അവർ. ആ പ്രതാപം തുടർന്നുപോന്നു.

എന്നാൽ പിൽക്കാലത്ത് വടക്കേ ഇന്ത്യയിൽ നിന്നുള്ള സൂഫി ചിന്താഗതി മുസ്‌ലിംകളെ സ്വാധീനച്ചതാണ് അവരുടെ പിന്നാക്കാവസ്ഥക്കും അവരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കടന്നുകൂടുന്നതിനും കാരണമായത്. ലോകാടിസ്ഥാനത്തിൽ തന്നെ ഇസ്‌ലാമിക സമൂഹത്തെ അഹ്‌ലുസ്സുന്നയുടെ സ്വച്ഛമായ മാർഗത്തിൽ നിന്ന് വ്യതിചലിപ്പിച്ച ശീഈ സ്വാധീനം സൂഫികളിൽ കൂടി കേരളത്തിൽ പ്രചരിച്ചു.

ബോംബെയിലെ പഠാണി വംശജരായ അഹ്മദ്ഷാ വലിയുല്ല എന്ന ശീഈ സൂഫി കേരളത്തിൽ വന്ന് ദർഗകളും മതത്തിൽ കേട്ടുകേൾവി പോലുമില്ലാത്ത ആചാരങ്ങളും ത്വരീഖത്തുകളും പ്രചരിപ്പിച്ചു തുടങ്ങിയപ്പോൾ പുതിയതായി ഇസ്‌ലാമിലേക്ക് വന്നവർ ഇതാണ് മതം എന്ന് തെറ്റിദ്ധരിച്ചു. അവർക്ക് ഖുർആൻ പഠിക്കുകയോ ശരീഅത്തിന്റെ യഥാർഥ മുഖം ഗ്രഹിക്കുകയോ ചെയ്യാൻ അവസരം ലഭിച്ചില്ല. മറിച്ച് ഒരുതരം വഴിവിട്ട ആത്മീയ ജ്വരത്തിൽ അവർ ലയിച്ചു. ഖാൻഖാഹുകളും ആടിത്തിമർക്കുന്ന ദിക്റ് ഹൽഖകളും ശവകുടീരങ്ങളും സിദ്ധന്മാരും വ്യാജ ചികിത്സകളും മാല മൗലീദുകളും നേർച്ച ഉത്സവങ്ങളും തുടങ്ങി മുസ്‌ലിം സാമാന്യ ജനങ്ങളിൽ മതവിരുദ്ധ ആത്മീയത പ്രചരിപ്പിച്ചു. അവർ അജ്ഞതയുടെ ആഴത്തിലേക്ക് കൂപ്പുകുത്തി.

'കുണ്ടോട്ടി കൈക്കാർ' എന്ന പേരിൽ അറിയപ്പെട്ട അഹ്മദ്ഷായുടെ കക്ഷികൾ ഉത്തരേന്ത്യയിലെ ബറേൽവിസത്തിന്റെ പ്രചാരകരായിരുന്നു. ഈ ത്വരീഖത്തിന്റെ ശൈഖുമാർ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളാണെന്നും അവർ മുഖേനയല്ലാതെ സ്വർഗപ്രവേശം സാധ്യമല്ലെന്നും അവർ വിശ്വസിച്ചു. ജീലാനി, നഖ്ശബന്തി, നൂരിയ്യ തുടങ്ങി ഒട്ടേറെ ത്വരീഖത്തുകൾ ഇവർ മുഖേന നിലവിൽ വന്നു. ഈ അന്ധവിശ്വാസങ്ങളുടെ തുടർച്ചയും വളർച്ചയും പിന്നീട് ക്രമപ്രവൃദ്ധമായി പുതിയ വേഷത്തിലും പേരിലും ഭാവാതികളിലും ഇന്നും നിലനിൽക്കുന്നുണ്ട്.

ഈ ത്വരീഖത്തുകളും സിദ്ധശൈഖുമാരും പിന്നീട് സ്ഥാപനങ്ങളും സംഘടനകളുമായി വേർപിരിഞ്ഞ് ശക്തിനേടി. ശവകുടീരവ്യവസായങ്ങൾക്ക് പുതിയ പകിട്ടുകൾ നൽകി. വ്യാജസിദ്ധന്മാർ ദിക്റ് ചൊല്ലി, മാലപ്പാട്ടും പാടി വീടുവീടാന്തരം കയറിയിറങ്ങി ആത്മീയതയുടെ പേരിൽ ഏലസ്സും ഊത്തും നൂലും വിറ്റ് പണം പിരിച്ച് നടന്നു. ആ വ്യവസായത്തിന് പുതിയ മുഖം നൽകിക്കൊണ്ട് ചൂഷണം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഈ അന്ധവിശ്വാസ പ്രചാരണങ്ങളുടെ പുതിയ മുഖങ്ങളെയാണ് നവോത്ഥാനം എന്ന് അവർ അവകാശപ്പെടുന്നത്.

പി.ഒ അബൂ ഫസീഹ്



മനുഷ്യന്റെ അടങ്ങാത്ത ജിജ്ഞാസയുടെ ഉൽപന്നമാണ് ജ്യോതിശാസ്ത്രം. മനുഷ്യന്റെ ആഴത്തിലുള്ള അജ്ഞതയുടെ ഉപോൽപന്നമാണ് ജ്യോതിഷം. ഇവ രണ്ടിനെയും സമീകരിക്കുന്നത് ശാസ്ത്രത്തെ കരിവാരിത്തേക്കാനും അന്ധവിശ്വാസങ്ങളെ വെള്ളപൂശാനും മാത്രമെ ഉപകരിക്കൂ.

# ജ്യോതിഷവും ജ്യോതിശാസ്ത്രവും: ഒരു പഠനം

ജ്യോതിഷവും (Astrology) ജ്യോതിശാസ്ത്രവും(Astronomy) രണ്ടാണ്. പേരിൽ സാമ്യമുണ്ടെങ്കിലും അവ തമ്മിൽ അജഗജാന്തരമുണ്ട്. ആസ്ട്രോണമി ശാസ്ത്രമാണെങ്കിൽ ആസ്ട്രോളജി വ്യാജ ശാസ്ത്രമാണ്. നക്ഷത്രങ്ങളുടെയും മറ്റു ഗോളങ്ങളുടെയും സ്ഥാനം, ഉദയാസ്തമയങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി മനുഷ്യ ജീവിതത്തിലെ ഗുണദോഷങ്ങൾ എന്തൊക്കെയെന്ന് പ്രവചിക്കുകയാണ് ജ്യോതിഷം ചെയ്യുന്നത്. എന്നാൽ ജ്യോതിശാസ്ത്രമാകട്ടെ അങ്ങനെയൊരു പ്രവചനം നടത്തുന്നില്ല. ഗോളങ്ങളുടെ ചലനങ്ങളെക്കുറിച്ച് പഠിക്കുക, ചലനങ്ങളെ സ്വാധീനിക്കുന്ന സമവാക്യങ്ങൾ



നിർധാരണം ചെയ്തെടുക്കുക വഴി ഓരോ ഗോളവും എപ്പോൾ ഉദിക്കും, എപ്പോൾ അസ്തമിക്കും, നിശ്ചിത സമയത്ത് ഓരോന്നിന്റെയും സ്ഥാനം എവിടെയായിരിക്കും തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുകയാണ് ആസ്ട്രോണമി ചെയ്യുന്നത്. മനുഷ്യജീവിതത്തിലെ ഗുണദോഷങ്ങളുമായി അവയുടെ സ്ഥാനങ്ങൾക്ക് യാതൊരു ബന്ധവും ആസ്ട്രോണമി കൽപിക്കുന്നില്ല. ഒരു ജ്യോത്സ്യൻ ചെയ്യുന്നത് എന്തെന്ന് മനസ്സിലാക്കിയാൽ എളുപ്പത്തിൽ കാര്യം ഗ്രഹിക്കാനാകും.

ഭൂമിയിൽനിന്നും ആകാശത്തേക്ക് നോക്കുന്ന ഒരാൾക്ക് ആകാശത്തെ ഒരു ഗോളമായി സങ്കൽപിക്കാനാവുമല്ലോ! ഉച്ചിയിൽനിന്നും ആകാശച്ചെരിവുവരെ വ്യാപിച്ചുകിടക്കുന്ന ഒരു വലിയ ഗോളത്തിന്റെ ഭാമായി ആകാശത്തെ കാണാൻ കഴിയും. മുകളിലേക്ക് നോക്കുമ്പോൾ ഗ്രഹങ്ങളും നക്ഷത്രങ്ങളുമെല്ലാം ഈ ആകാശഗോളത്തിൽ (Celestial sphere) പതിച്ചിരിക്കുന്നതായാണല്ലോ നമുക്ക് തോന്നുക. സൂര്യനും ചന്ദ്രനുമെല്ലാം ഈ ആകാശഗോളത്തിന്റെ പ്രതലത്തിൽ ചലിച്ചു കൊണ്ടിരിക്കുകയാണ്. ഭൂമിയിൽനിന്ന് നോക്കുമ്പോൾ ഓരോ ഗോളത്തിന്റെയും ചലനപാത ഈ ആകാശഗോളത്തിൽ സാങ്കൽപികമായി രേഖപ്പെടുത്താൻ കഴിയും. സൂര്യൻ അതിന്റെ വാർഷിക സഞ്ചാരത്തിൽ (സൂര്യന്റെ ഉത്തരായന രേഖയിലേക്കും തിരിച്ച് ദക്ഷിണായന രേഖയിലേക്കുമുള്ള ചലനമായിട്ടാണ് ഭൂമിയിൽ നിൽക്കുന്ന ഒരാൾക്ക് ഈ സഞ്ചാരം ദൃഷ്ടീഭവിക്കുന്നത്). ആകാശ ഗോളത്തിൽ വരക്കുന്ന സാങ്കൽപിക വൃത്തമാണ് ക്രാന്തവൃത്തം (ecliptic). ഈ വൃത്തത്തിനു മുകളിൽ 16 ഡിഗ്രി വീതിയുള്ള ഒരു ബെൽറ്റ് ചുറ്റിയതായി സങ്കൽപിക്കാം. ഈ ബെൽറ്റിനെ Zodiacbelt അഥവാ രാശിചക്രമെന്ന് പേര് വിളിക്കുന്നു. ഈ ബെൽ

റ്റിനെ 12 തുല്യഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ ഭാഗവും രാശി മണ്ഡലങ്ങൾ എന്നാണ് അറിയപ്പെടുന്നത്. മേടം (Ram), ഇടവം (Bull), മിഥുനം (Gemini), കർക്കിടകം (Crab), ചിങ്ങം (Lion), കന്നി (Virgin), തുലാം (Balance), വൃശ്ചികം (Scorpion), ധനു (Archer), മകരം (Goat), കുംഭം (Water Carrier), മീനം (Fish) എന്നിങ്ങനെ ഓരോ രാശിമണ്ഡലത്തിനും പേര് നൽകിയിരിക്കുന്നു.

ആകാശത്ത് കാണുന്ന സർവ ഗോളങ്ങളും ഈ ബെൽറ്റിലൂടെയാണ് സഞ്ചരിക്കുന്നത്. സൂര്യൻ മാർച്ച് 21ന് മേടം എന്ന രാശി മണ്ഡലത്തിൽ പ്രവേശിക്കുന്നു. അന്നാണ് മേട മാസം ആരംഭിക്കുക. സൂര്യൻ മാത്രമല്ല എല്ലാ ഗ്രഹങ്ങളും നക്ഷത്രങ്ങളും മേടം രാശിയിലൂടെ കടന്നുപോകുന്നുണ്ട്. വ്യത്യസ്ത സമയങ്ങളിലാണെന്ന് മാത്രം. ഒരു കുട്ടി ജനിക്കുന്ന സമയത്ത് ഈ ഗ്രഹങ്ങൾ ഏതേത് രാശിമണ്ഡലങ്ങളിലാണ് സ്ഥിതി ചെയ്തിരുന്നത് എന്ന് ജ്യോത്സ്യൻ പരിശോധിക്കുന്നു. ഗ്രഹനക്ഷത്രങ്ങളുടെ സ്ഥാനം കണ്ടെത്തുന്നതോടുകൂടി ജ്യോതിഷത്തിലെ ശാസ്ത്രം അവസാനിക്കുന്നു. പിന്നീടങ്ങോട്ട് ആസ്ട്രോണമിയുമായി യാതൊരു ബന്ധവുമില്ലാത്ത അന്ധവിശ്വാസത്തിന്റെ കർമങ്ങളാണ് ജ്യോത്സ്യൻ ചെയ്യുന്നത്. 12 രാശിമണ്ഡലങ്ങളുമായി മനുഷ്യന്റെ വിവിധ ഗുണദോഷങ്ങളെ ബന്ധിപ്പിക്കുകയാണ് ജ്യോതിഷം ചെയ്യുന്നത്. ഒരു കുട്ടി ജനിക്കുമ്പോഴുള്ള ഗ്രഹനില പരിശോധിച്ച് ഏതെല്ലാം ഗ്രഹ നക്ഷത്രങ്ങൾ കിഴക്ക് ഉദിച്ചുവരുന്നു, ഏതെല്ലാം പടിഞ്ഞാറ് അസ്തമിക്കുന്നു എന്നു നോക്കി ജ്യോത്സ്യൻ കുട്ടിയുടെ ഭാവി പ്രവചിക്കുന്നു. ഈ പ്രവചനങ്ങൾ അന്ധവിശ്വാസാധിഷ്ഠിതവും ശാസ്ത്രത്തിന്റെ അടിത്തറ ലവലേശംപോലും ഇല്ലാത്തതുമാണ്.

ഗ്രഹങ്ങൾക്ക് മനുഷ്യന്റെ ഭാവി, ഭൂത വർത്തമാനങ്ങളുമായി ഒരു ബന്ധവുമില്ല എന്ന വിശ്വാസം തന്നെയാണ് ഇസ്‌ലാമിനുള്ളത്. നബി(സ്വ)യുടെ ഇബ്റാഹീം എന്ന മകൻ മരണപ്പെട്ട ദിവസം സൂര്യ ഗ്രഹണമുണ്ടായി. അപ്പോൾ 'ഇബ്റാഹീം മരണപ്പെട്ടതുകൊണ്ടാണ് സൂര്യന് ഗ്രഹണം ബാധിച്ചിരിക്കുന്നത്' എന്ന് ജനങ്ങൾ പറയുകയുണ്ടായി. ഉടനെത്തന്നെ നബി(സ്വ) ആ വിശ്വാസം തിരുത്തിക്കൊണ്ട് പറഞ്ഞു: "സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട രണ്ടു ദൃഷ്ടാന്തങ്ങളാണ്. ഒരാളുടെ മരണംമൂലമോ ജനനംമൂലമോ അവയ്ക്ക് ഗ്രഹണം ബാധിക്കുകയില്ല" (ബുഖാരി, മുസ്‌ലിം)

ജ്യോതിഷം ഉപയോഗിച്ച് ഭാവി പ്രവചനം നടത്തുന്നത് ഇസ്‌ലാമിക വിരുദ്ധവും ജ്യോതിശാസ്ത്ര കണക്കുകൾ ഉപയോഗിച്ച് ഗ്രഹ നക്ഷത്രങ്ങളുടെ സ്ഥാന ചലനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നത് ഇസ്‌ലാം അംഗീകരിക്കുന്നതുമാണ്.അവയുടെ സൃഷ്ടിപ്പും നിയന്ത്രണവുമൊക്കെ ജഗന്നിയന്താവിന്റെ അലംഘനീയമായ നിയമവ്യവസ്ഥകൾക്ക് വിധേയമാണെന്നിരിക്കെ ആ നിയമവ്യവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുകയും അവ ജീവിതത്തിനാവശ്യമായ വിധത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യാൻ നാം ബാധ്യസ്ഥരാണ്. ഇസ്‌ലാമികാരാധനകളുടെ സമയം, ദിവസം എന്നിവ നിശ്ചയിക്കുന്നത് സൂര്യന്റെയോ ചന്ദ്രന്റെയോ സ്ഥാനങ്ങൾക്കനുസരിച്ചായതിനാൽ അവയുടെ കുറ്റമറ്റ നിർണയത്തിൽ ആസ്ട്രോണമിയുടെ പങ്ക് തള്ളിക്കളയാനാവില്ല. ആരാധനകളുടെ സമയനിഷ്ഠ നിർബന്ധ ബാധ്യതയാണെന്നതിനാൽ അതിനുള്ള ശ്രമങ്ങൾ നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. അക്കാര്യത്തിൽ

ഗ്രഹങ്ങൾക്ക് മനുഷ്യന്റെ ഭാവി, ഭൂത വർത്തമാനങ്ങളുമായി ഒരു ബന്ധവുമില്ല എന്ന വിശ്വാസം തന്നെയാണ് ഇസ്‌ലാമിനുള്ളത്. നബി(സ്വ)യുടെ ഇബ്റാഹീം എന്ന മകൻ മരണപ്പെട്ട ദിവസം സൂര്യഗ്രഹണമുണ്ടായി. അപ്പോൾ 'ഇബ്റാഹീം മരണപ്പെട്ടതുകൊണ്ടാണ് സൂര്യന് ഗ്രഹണം ബാധിച്ചിരിക്കുന്നത്' എന്ന് ജനങ്ങൾ പറയുകയുണ്ടായി. ഉടനെത്തന്നെ നബി(സ്വ) ആ വിശ്വാസം തിരുത്തിക്കൊണ്ട് പറഞ്ഞു: "സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപെട്ട രണ്ടു ദൃഷ്ടാന്തങ്ങളാണ്. ഒരാളുടെ മരണംമൂലമോ ജനനംമൂലമോ അവയ്ക്ക് ഗ്രഹണം ബാധിക്കുകയില്ല"

പരമാവധി കൃത്യത ഉറപ്പാക്കാൻ ആസ്ട്രോണമിക്ക് സാധിക്കും. അതിനാൽ ഇസ്‌ലാമിക ദൃഷ്ട്യാ ആസ്ട്രോണമിയുടെ ഉപയോഗം അത്യന്തം പ്രാധാന്യമേറിയതാണ്. മുസ്‌ലിം സമൂഹത്തിന് അത്യന്താപേക്ഷിതമായ ഒരു ശാസ്ത്രശാഖയെന്ന നിലയിൽ ആസ്ട്രോണമിയുടെ പഠനം സാമൂഹ്യബാധ്യതയുടെ സ്ഥാനത്തേക്ക് ഉയരുന്നുവെന്നു പറഞ്ഞാൽ അത് തെറ്റാവുകയില്ല. നമസ്കാര സമയം, നോമ്പ്, പെരുന്നാൾ ഹജ്ജ് തുടങ്ങിയവയുടെ ദിവസങ്ങൾ, ഖിബ്‌ലയുടെ ദിശ എന്നിവ കൃത്യമായി കണ്ടെത്താൻ ജ്യോതിശാസ്ത്രം മുസ്‌ലിംകൾക്ക് അവശ്യം കൈവരിക്കേണ്ട വിജ്ഞാനശാഖയായി മാറിയിരിക്കുന്നു. ഈ ആവശ്യം പരിഗണിച്ച്, ഗോളശാസ്ത്രത്തിൽ പ്രാവീണ്യവും മതബോധവുമുള്ളവരെ വളർത്തിക്കൊണ്ടുവരാൻ മുസ്‌ലിം



സമൂഹം പ്രത്യേകം ശ്രദ്ധയൂന്നേണ്ടതുണ്ട്.

### കലണ്ടറിന്റെ ചരിത്രം

സമയം, തീയതി, മാസം, വർഷം എന്നിവ കൃത്യമായി കണക്കാക്കുന്നതിനും അവയെ ഒരു നിയമമനുസരിച്ച് ക്രമീകരിക്കുന്നതിനും മനുഷ്യൻ എല്ലാ കാലത്തും ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വളരെ പ്രാചീനകാലം മുതൽ തന്നെ അത്തരം ശ്രമങ്ങൾ നടന്നിരുന്നതായി കാണാം. പ്രകൃതിയിൽനിന്നും ലഭ്യമായ എല്ലാ വിവരങ്ങളെയും അതിനായി മനുഷ്യൻ ഉപയോഗപ്പെടുത്തിയിരുന്നു. ഒരു മാസത്തിൽ എത്ര ദിവസങ്ങൾ ഉൾക്കൊള്ളിക്കാമെന്നും വർഷങ്ങൾ എങ്ങനെ കണക്കാക്കാമെന്നുമുള്ള പഠനത്തിന് മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ട്. എന്നാൽ വർഷത്തിന്റെ കാലയളവ് കണ്ടെത്തുന്നതിന് ലോകത്തിലെ വിവിധ പ്രദേശങ്ങളിലെ ജനസമൂഹങ്ങൾ സ്വീകരിച്ച മാർഗങ്ങൾ വ്യത്യസ്തങ്ങളായിരുന്നു.

സസ്യങ്ങളുടെ വളർച്ച, വിളവെടുപ്പിന്റെ സമയം, നദികളിലെ ജലനിരപ്പ്, ധ്രുവനക്ഷത്രത്തിന്റെ സ്ഥാനം, നക്ഷത്രങ്ങളുടെ ഗതി, സൂര്യന്റെ ചലനം തുടങ്ങിയ പ്രകൃതിപ്രതിഭാസങ്ങൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള തീയതി നിർണയ രീതികൾ (dating systems) വിവിധ സമൂഹങ്ങളിൽ നിലനിന്നിരുന്നുവെന്ന് ചരിത്രം പരിശോധിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയും.

പുരാതന ഗ്രീസിൽ പ്ലയാഡ്സ് എന്ന നക്ഷത്രസമൂഹത്തെ അടിസ്ഥാനപ്പെടുത്തി വർഷം കണക്കാക്കിയിരുന്നതായി ക്രിസ്തുവിനു മുമ്പ് ഏഴാം ശതകത്തിൽ ജീവിച്ചിരുന്ന ഹെസിയോഡിന്റെ(Heriod) കവിതകളിൽ കാണാം. ഗ്രീക്കുകാർ ഈ നക്ഷത്രസമൂഹം കിഴക്കൻ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ട് തുടങ്ങുമ്പോൾ വിളവെടുപ്പ് ആരംഭിക്കുകയും പടിഞ്ഞാറെ ചക്രവാളത്തിൽനിന്നും അപ്രത്യക്ഷമാകുമ്പോൾ വിത്ത് വിതക്കുകയും ചെയ്തിരുന്നു. കാർഷികാവശ്യങ്ങൾക്ക് ഈ ഗണനം അവർക്ക് വളരെയധികം സഹായകമായി. എന്നാൽ മതപരമായ ചടങ്ങുകൾക്ക് അവർ ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ (moon phases) അവലംബമാക്കുകയാണ് ചെയ്തത്. 28 അല്ലെങ്കിൽ 29 ദിവസങ്ങളുള്ള 12 ചന്ദ്രമാസങ്ങൾ ഉൾക്കൊള്ളിച്ച് അവർ ഒരു വർഷം ഗണിക്കുകയും മതപരമായ ആവശ്യങ്ങൾക്കായി കണക്കുകൂട്ടാൻ പ്രയോജനപ്പെടുത്തുകയും ചെയ്തിരുന്നു.

ഈജിപ്തിലും 12 മാസങ്ങളുള്ള കലണ്ടർ ഉപയോഗിച്ചിരുന്നു. എന്നാൽ ഓരോ മാസവും മുപ്പത് ദിവസങ്ങളായി ക്ലിപ്തപ്പെടുത്തുകയാണ് അവർ ചെയ്തത്. വർഷാ

വസാനത്തിൽ അഞ്ചുദിവസം കൂട്ടിച്ചേർക്കുകയും അങ്ങനെ 365 ദിവസങ്ങളുള്ള ഒരു വർഷം അവർ പൂർത്തിയാക്കുകയും ചെയ്തു. രാരോ വർഷവും നൈൽ നദിയിൽ ഏറ്റവും ഉയർന്ന ജല നിരപ്പ് കണക്കാക്കുകയും ആ ദിവസങ്ങൾക്കിടയിലുള്ള കാല ദൈർഘ്യം 365 ദിവസമാണെന്ന് മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള കാലനിർണയ രീതിയായിരുന്നു ഇത്. ഇന്ന് നാം കണക്കാക്കുന്ന സൗരവർഷ കലണ്ടറിനോട് ഈജിപ്ഷ്യൻ കലണ്ടർ ഏറെക്കുറെ സമാനത പുലർത്തുന്നു.

ആസ്ട്രോണമിയുടെ പുരോഗമനത്തോടെ ഭൂമിയുടെ ചലനവേഗവും ഭ്രമണ-പരിക്രമണ സമയങ്ങളുമൊക്കെ കൃത്യമായി കണ്ടുപിടിക്കാൻ കഴിഞ്ഞു. ഭൂമിക്ക് സൂര്യനെ ഒരു തവണ വലം വയ്ക്കാൻ 365¼ ദിവസം വേണമെന്ന് ശാസ്ത്രകാരന്മാർ കാണ്ടെത്തി. ഈ കാലയളവിനെ ഒരു കൊല്ലമായി കണക്കാക്കി ക്രിസ്താബ്ദം എട്ടിൽ റോമൻ ചക്രവർത്തി ജൂലിയസ് സീസർ 365 ദിവസങ്ങളുള്ള ഒരു കലണ്ടർ തയാറാക്കി. ഓരോ മാസവും മുപ്പതോ മുപ്പത്തൊന്നോ ദിവസങ്ങൾ ഉൾക്കൊള്ളുന്നവിധം പതിനൊന്ന് മാസങ്ങൾ ക്രമീകരിക്കുകയും ഫെബ്രുവരി മാസം 28 ദിവസമായി നിശ്ചയിക്കുകയും ചെയ്തു. നാല് വർഷത്തിലൊരിക്കൽ ഫെബ്രുവരി മാസം 28ന് പകരം 29 ദിവസമാക്കി ¼ ദിവസം കൊണ്ടുണ്ടാകുന്ന കുറവ് നികത്തുകയുണ്ടായി. നാല് വർഷത്തിലൊരിക്കൽ ഉണ്ടാകുന്ന ഇത്തരം വർഷങ്ങളെ ലീപ് ഇയർ എന്ന് വിളിക്കുന്നു. ഈ കലണ്ടറാണ് ജൂലിയൻ കലണ്ടർ എന്ന പേരിൽ അറിയപ്പെട്ടത്.

ക്രിസ്താബ്ദം എട്ടിൽ പാശ്ചാത്യ രാജ്യങ്ങളിൽ ജൂലിയൻ കലണ്ടർ വ്യാപകമായി പ്രചരിക്കപ്പെട്ടുവെങ്കിലും മധ്യപൗരസ്ത്യ ദേശങ്ങളിൽ ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിത്തന്നെയുള്ള തീയതി സമ്പ്രദായങ്ങളാണ് സ്വീകരിച്ചുപോന്നത്. ചന്ദ്രന്റെ പിറവിയും വൃദ്ധിക്ഷയങ്ങളും നിരീക്ഷണ വിധേയമായതിനാൽ ചന്ദ്രനെ അവലംബമാക്കിയുള്ള തീയതി സമ്പ്രദായം വൈജ്ഞാനികമായി പിന്നാക്കം നിന്നിരുന്ന അറബ് പ്രദേശങ്ങളിൽ കൂടുതൽ സ്വീകാര്യമായി. 355 ദിവസങ്ങളുൾക്കൊള്ളുന്നതാണ് ഒരു ചന്ദ്രവർഷം, അതായത് സൗരവർഷത്തെക്കാൾ പതിനൊന്ന് ദിവസം കുറവ്.

**തീയതി നിർണയം;**
**ഇസ്‌ലാമിക മാനദണ്ഡം**

മുഹമ്മദ് നബി(സ്വ)യുടെ കാലഘട്ടത്തിൽ അറേബ്യയിൽ ഉപയോഗിക്കപ്പെട്ടിരുന്ന കാലനിർണയ രീതി ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ഇസ്‌ലാമിക അനുഷ്ഠാനങ്ങൾക്ക് ചന്ദ്രവർഷം തന്നെയാണ് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത് എന്ന് നമുക്കറിയാം. സൂര്യനെ അവലംബാക്കിയുള്ള ജൂലിയൻ കലണ്ടറിലും ചന്ദ്രനെ അടിസ്ഥാനമാക്കിയുള്ള കാലനിർണയ രീതിയിലും മാസങ്ങളുടെ എണ്ണം 12 തന്നെയാണ്. അതുപോലെതന്നെ ഇതല്ലാത്ത മറ്റു മാനദണ്ഡങ്ങൾ സ്വീകരിക്കപ്പെട്ടപ്പോഴും 12 മാസങ്ങൾ ചേർന്നുള്ള ഒരു വർഷംതന്നെയായിരുന്നു ഏറ്റവും കുറ്റമറ്റ കലണ്ടറുകളിൽ ഉപയോഗിക്കപ്പെട്ടത്. ഇത് അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള നിശ്ചയമാണ് എന്നാണ് വിശുദ്ധ ഖുർആനിൽനിന്നും മനസ്സിലാകുന്നത്.

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാ

ക്രിസ്താബ്ദം എട്ടിൽ പാശ്ചാത്യ രാജ്യങ്ങളിൽ ജൂലിയൻ കലണ്ടർ വ്യാപകമായി പ്രചരിക്കപ്പെട്ടുവെങ്കിലും മധ്യപൗരസ്ത്യ ദേശങ്ങളിൽ ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിത്തന്നെയുള്ള തീയതി സമ്പ്രദായങ്ങളാണ് സ്വീകരിച്ചുപോന്നത്. ചന്ദ്രന്റെ പിറവിയും വൃദ്ധിക്ഷയങ്ങളും നിരീക്ഷണ വിധേയമായതിനാൽ ചന്ദ്രനെ അവലംബമാക്കിയുള്ള തീയതി സമ്പ്രദായം വൈജ്ഞാനികമായി പിന്നാക്കം നിന്നിരുന്ന അറബ് പ്രദേശങ്ങളിൽ കൂടുതൽ സ്വീകാര്യമായി. 355 ദിവസങ്ങളുൾക്കൊള്ളുന്നതാണ് ഒരു ചന്ദ്രവർഷം, അതായത് സൗരവർഷത്തെക്കാൾ പതിനൊന്ന് ദിവസം കുറവ്

ഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം 12 ആകുന്നു. അവയിൽ നാലെണ്ണം യുദ്ധം വിലക്കപ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം"(9:36).

ഈ ലോകത്തിന്റെ സൃഷ്ടിപ്പിൽതന്നെ പടച്ചവൻ അങ്ങനെയൊരു ക്രമീകരണമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് മേലുദ്ധരിച്ച വചനം വ്യക്തമാക്കുന്നു. സ്വന്തം അച്ചുതണ്ടിലുള്ള ഭൂമിയുടെ ഭ്രമണവും സൂര്യന് ചുറ്റുമുള്ള പരിക്രമണവും ഭൂമിക്ക് ചുറ്റുമുള്ള ചന്ദ്രന്റെ ചലനവുമൊക്കെ ഒരു നിശ്ചിത വ്യവസ്ഥയെ അടിസ്ഥാനമാക്കി സംവിധാനിച്ചിരിക്കുന്നു എന്നതാണ് ഇങ്ങനെ



ക്ലിപ്തമായ ഒരു തീയതി നിർണയ രീതി സ്വീകരിക്കാൻ നമ്മെ സഹായിക്കുന്നത്. അല്ലാഹു അക്കാര്യം പ്രഖ്യാപിക്കുന്നത് കാണുക:

"സൂര്യനും ചന്ദ്രനും ഒരു കണക്കനുസരിച്ചാകുന്നു സഞ്ചരിക്കുന്നത്"(55:5).

വിശുദ്ധ ഖുർആനിന്റെ ഈ പ്രഖ്യാപനം ഒരു മുസ്ലിമിനെ ഏറെ ചിന്തിപ്പിക്കുന്നതും ആ പ്രഖ്യാപനത്തെ അംഗീകരിച്ചുകൊണ്ടുള്ള സമയ, തീയതി നിർണയ രീതികൾ സ്വീകരിക്കാൻ നിർബന്ധിപ്പിക്കുന്നതുമാണ്.

ഭൂമിയും സൂര്യ-ചന്ദ്ര ഗോളങ്ങളും യാതൊരുവിധ ക്രമമോ വ്യവസ്ഥയോ കൂടാതെ ചലിക്കുന്നുവെങ്കിൽ ദിവസങ്ങളുടെയോ മാസ-വർഷങ്ങളുടെയോ കണക്ക് രേഖപ്പെടുത്തുവാൻ മനുഷ്യന് കഴിയുമായിരുന്നില്ല. കലണ്ടറുകൾ ഉപയോഗിക്കാൻ സാധ്യമല്ലാത്ത ഒരു അവസ്ഥയായിരിക്കും മനുഷ്യനുണ്ടാവുക. എന്നാൽ മനുഷ്യനെ സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹു മനുഷ്യന്റെ ജീവിതത്തിന് ആവശ്യമായ എല്ലാ ഘടകങ്ങളും ഈ ഭൂമിയിൽ സംവിധാനിച്ചതുപോലെത്തന്നെ തീയതി നിർണയത്തിന്റെ കാര്യത്തിലും അവന്റേതായ ചില നിയമങ്ങൾ ചിട്ടയോടുകൂടി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. ഖുർആനിലൂടെ കണ്ണോടിച്ചാൽ ധാരാളം സൂക്തങ്ങൾ ഇതിന് ഉപോൽബലകമായി കാണാവുന്നതാണ്:

"അല്ലാഹുവത്രെ ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും ആകാശത്തുനിന്ന് വെള്ളം ഇറക്കുകയും എന്നിട്ട് അതുമൂലം നിങ്ങളുടെ ഉപജീവനത്തിനായി കായ്കനികൾ ഉൽപാദിപ്പിക്കുകയും ചെയ്തത്. അവന്റെ കൽപന(നിയമ) പ്രകാരം കടലിലൂടെ സഞ്ചരിക്കുന്നതിനായി അവൻ നിങ്ങൾക്ക് കപ്പലുകൾ വിധേയമാക്കിത്തരികയും ചെയ്തിരിക്കുന്നു. നദികളെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. സൂര്യനെയും ചന്ദ്രനെയും പതിവായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നിലയിൽ അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. രാവിനെയും പകലിനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു" (14:32,33).

"അല്ലാഹുവാകുന്നു നിങ്ങൾക്ക് കാണാവുന്ന അവലംബങ്ങൾ കൂടാതെ ആകാശങ്ങൾ ഉയർത്തി നിർത്തിയവൻ. പിന്നെ അവൻ

സിംഹാസനസ്ഥനാകുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം ഒരു നിശ്ചിത അവധിവരെ സഞ്ചരിക്കുന്നു. അവൻ കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾ ദൃഢബോധ്യമുള്ളവരായിരിക്കുന്നതിന് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിവരിച്ചു തരുന്നു"(13:2).

"...രാത്രിയെക്കൊണ്ട് അവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിച്ചെല്ലുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തന്റെ കൽപനയ്ക്കു വിധേയമാക്കപ്പെട്ട നിലയിൽ (അവൻ സൃഷ്ടിച്ചിരിക്കുന്നു)..."(7:54).

വിശദീകരിക്കേണ്ടതില്ലാത്ത വിധം വ്യക്തമായി സ്രഷ്ടാവ് മനുഷ്യരാശിക്ക് നൽകിയ അനുഗ്രഹങ്ങളെ എണ്ണിപ്പറയുകയാണ് ഈ സൂക്തങ്ങളിൽ. അവൻ നൽകിയ അനുഗ്രഹങ്ങളെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുമ്പോൾതന്നെ ചന്ദ്രനും സൂര്യനും നക്ഷത്രങ്ങളുമൊക്കെ ക്ലിപ്തമായ ഒരു കണക്കനുസരിച്ചാണ് സഞ്ചരിക്കുന്നതെന്ന് ഖുർആൻ ആവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആ കണക്കുകൾ തന്നെയാണ് ദിവസങ്ങളും മാസങ്ങളും വർഷങ്ങളുമൊക്കെ കണക്കുകൂട്ടി രേഖപ്പെടുത്താൻ നമ്മെ സഹായിക്കുന്നതും.

ഒരു രാവും ഒരു പകലും ചേർന്നാൽ ഒരു ദിവസമാണെന്ന് നമുക്കറിയാം. എന്നാൽ അങ്ങനെയൊരു സംവിധാനം എങ്ങനെയാണ് പടച്ചവൻ ക്രമീകരിച്ചതെന്നും ആ ക്രമീകരണം ഇല്ലായിരുന്നുവെങ്കിൽ അത് നമ്മെ എങ്ങനെ ബാധിക്കുമായിരുന്നുവെന്നും നമ്മിൽ പലരും ചിന്തിക്കാറില്ല. മനുഷ്യനെ ആ വഴിക്ക് ചിന്തിപ്പിക്കുന്ന ഒട്ടനവധി സൂക്തങ്ങൾ ഖുർആനിൽ കാണാം:

"പ്രഭാതത്തെ പിളർത്തി കൊണ്ടുവരുന്നവനാണവൻ. രാത്രിയെ അവൻ ശാന്തമായ വിശ്രമവേളയാക്കിയിരിക്കുന്നു. സൂര്യനെയും ചന്ദ്രനെയും കണക്കുകൾക്ക് അടിസ്ഥാനവും (ആക്കിയിരിക്കുന്നു). പ്രതാപിയും സർവജ്ഞനുമായ അല്ലാഹുവിന്റെ ക്രമീകരണമത്രെ അത്" (6:96).

"തീർച്ചയായും രാപകലുകൾ വ്യത്യാസപ്പെടുന്നതിലും ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളവയിലും സൂക്ഷ്മത പാലിക്കുന്ന ആളുകൾക്ക് പല തെളിവുകളുമുണ്ട്" (10:6).

രാവും പകലും മാറിമാറി വരുന്നതിലും ആകാശഭൂമികളുടെ സൃഷ്ടിപ്പിലും ചിന്തിക്കുന്നവർക്ക് കണ്ടെത്താൻ ധാരാളം വസ്തുതകളുണ്ടെന്ന് പ്രഖ്യാപിക്കുന്ന അല്ലാഹു അവയൊക്കെയും അവൻ മനുഷ്യന് നൽകിയ അനുഗ്രഹങ്ങളായിട്ടാണ് എണ്ണുന്നത്.

> സൂര്യന്റെ സ്ഥാനത്തിനനുസൃതമായുള്ള സമയനിർണയമാണ് നമസ്കാരത്തിന്റെ കാര്യത്തിൽ ഇസ്‌ലാം സ്വീകരിച്ചിട്ടുള്ളത്. പ്രഭാതത്തിൽ വെള്ളകീറുന്നതും പ്രദോഷത്തിൽ അസ്തമയ ശോഭ മായുന്നതും സൂര്യന്റെ സ്ഥാനങ്ങളും നിഴലിന്റെ വലിപ്പവുമൊക്കെ സാധാരണക്കാരനുപോലും നിരീക്ഷിക്കാവുന്നതാണെങ്കിലും നമസ്കാര സമയങ്ങൾ കണ്ടെത്തുന്നതിൻ ആ മാർഗങ്ങളല്ല നാം ഇന്ന് സ്വീകരിക്കുന്നത്. ഏതേത് സമയങ്ങളിലാണ് ഓരോ നമസ്കാരവും നിർവഹിക്കപ്പെടേണ്ടത് ആ സമയങ്ങൾക്ക് അനുസൃതമായ സൂര്യന്റെ സ്ഥാനങ്ങൾ ഏതെന്ന് നിർണയിക്കുകയും ഗണിതക്രിയകളിലൂടെ ആ സമയം കണ്ടെത്തുകയുമാണ് ഇവിടെ നാം ചെയ്യുന്നത്. ഇത്തരം ഗണിതക്രിയകൾ കുറ്റമറ്റതാണെന്ന് പൂർണബോധ്യമുള്ളതിനാൽ മുൻകൂട്ടി ക്രമീകരിച്ചിട്ടുള്ള നമസ്കാര സമയ വിവരപ്പട്ടികയെ അടിസ്ഥാനമാക്കിയാണ് നമസ്കാരസമയങ്ങളേതെന്ന് തീരുമാനിക്കുന്നത്.

"രാവിനെയും പകലിനെയും നാം രണ്ട് ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു. രാവാകുന്ന ദൃഷ്ടാന്തത്തെ നാം മങ്ങിയതാക്കുകയും പകലാകുന്ന ദൃഷ്ടാന്തത്തെ നാം പ്രകാശം നൽകുന്നതാക്കുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള അനുഗ്രഹം നിങ്ങൾ തേടുന്നതിന് വേണ്ടിയും കൊല്ലങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടിയും. ഓരോ കാര്യവും നാം നല്ലവണ്ണം വിശദീകരിച്ചിരിക്കുന്നു" (17:12).

"രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കൽപനയാൽ വിധേയമാക്കപ്പെട്ടതുതന്നെ. ചിന്തിക്കുന്ന ആളുകൾ

ക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്'' (16:12).

“സൂര്യൻ അതിന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്'' (36:38).

“സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ (നിശ്ചിത) ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു'' (36:40).

“സൂര്യനെ ഒരു പ്രകാശമാക്കിയത് അവനാകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിന് ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിന് വേണ്ടി. യഥാർഥ മുറപ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല. മനസ്സിലാക്കുന്ന ആളുകൾക്കു വേണ്ടി അല്ലാഹു തെളിവുകൾ വിശദീകരിക്കുന്നു'' (10:5).



“(നബിയേ,) നിന്നോടവർ ചന്ദ്രക്കലകളെപ്പറ്റി ചോദിക്കുന്നു. പറയുക: മനുഷ്യരുടെ ആവശ്യങ്ങൾക്കും ഹജ്ജ് തീർഥാടനത്തിനും കാല നിർണയത്തിനുള്ള ഉപാധികളാകുന്നു അവ...''(2:189).

ദിനേന വിവിധ സമയങ്ങളിലായി നിർവഹിക്കപ്പെടുന്ന നമസ്കാരം എപ്പോൾ നിർവഹിക്കണമെന്നതിനുള്ള മാർഗനിർദേശങ്ങൾ റസൂൽ(സ്വ) നൽകിയിട്ടുണ്ട്. കിഴക്കെ ചക്രവാളത്തിൽ വെള്ളകീറുന്നതോടുകൂടി സുബ്ഹി നമസ്കാര സമയവും സൂര്യൻ മധ്യാഹ്നത്തിൽനിന്നും തെറ്റിയാലുടൻ ദുഹ്റിന്റെ സമയവുമാകും. ലംബമായി നിർത്തിയ ഒരു വസ്തുവിന്റെ നിഴൽ ആ വസ്തുവിന്റെ നീളത്തിന് തുല്യമാകുന്നതോടുകൂടിയാണ് അസ്റിന്റെ സമയം ആരംഭിക്കുക. മഗ്രിബിന്റെ സമയം സൂര്യൻ ചക്രവാളത്തിൽനിന്നും അപ്രത്യക്ഷമാകുമ്പോഴാണ്. പടിഞ്ഞാറെ ചക്രവാളത്തിൽ അസ്തമയ ശോഭ മായുന്നതോടുകൂടി ഇശാഇന്റെ സമയം ആരംഭിക്കുന്നു.

ഇപ്രകാരം സൂര്യന്റെ സ്ഥാനത്തിനനുസൃതമായുള്ള സമയ നിർണയമാണ് നമസ്കാരത്തിന്റെ കാര്യത്തിൽ ഇസ്‌ലാം സ്വീകരിച്ചിട്ടുള്ളത്. പ്രഭാതത്തിൽ വെള്ളകീറുന്നതും പ്രദോഷത്തിൽ അസ്തമയ ശോഭ മായുന്നതും സൂര്യന്റെ സ്ഥാനങ്ങളും നിഴലിന്റെ വലിപ്പവുമൊക്കെ സാധാരണക്കാരനുപോലും നിരീക്ഷിക്കാവുന്നതാണെങ്കിലും നമസ്കാര സമയങ്ങൾ കണ്ടെത്തുന്നതിൻ ആ മാർഗങ്ങളല്ല നാം ഇന്ന് സ്വീകരിക്കുന്നത്. ഏതേത് സമയങ്ങളിലാണ് ഓരോ നമസ്കാരവും നിർവഹിക്കപ്പെടേണ്ടത് ആ സമയങ്ങൾക്ക് അനുസൃതമായ സൂര്യന്റെ സ്ഥാനങ്ങൾ ഏതെന്ന് നിർണയിക്കുകയും ഗണിതക്രിയകളിലൂടെ ആ സമയം കണ്ടെത്തുകയുമാണ് ഇവിടെ നാം ചെയ്യുന്നത്. ഇത്തരം ഗണിതക്രിയകൾ കുറ്റമറ്റതാണെന്ന് പൂർണബോധ്യമുള്ളതിനാൽ മുൻകൂട്ടി ക്രമീകരിച്ചിട്ടുള്ള നമസ്കാര സമയ വിവരപ്പട്ടികയെ അടിസ്ഥാനമാക്കിയാണ് നമസ്കാരസമയങ്ങളേതെന്ന് തീരുമാനിക്കുന്നത്. ഓരോ പ്രദേശത്തെയും അക്ഷാംശ രേഖാംശകൾ, ഉദയത്തിന് മുമ്പോ അസ്തമയത്തിനു ശേഷമോ ചക്രവാളത്തിനു താഴെ സ്ഥിതി ചെയ്യുന്ന സൂര്യനിലേക്കുള്ള കോണളവ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന കലണ്ടറുകളാണ് നമസ്കാര സമയം കൃത്യമായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നത്.

*(അവസാനിച്ചില്ല)*

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300



**ഇ.കെ. മൗലവി;**
**മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ**

25

# മലബാർ സമരം: വർഗീയ വ്യാഖ്യാനത്തിനെതിരെ ഇ.കെ. മൗലവി

മലബാർ സമരത്തെ സത്യസന്ധമായി വിലയിരുത്തിയവർ ആ സമരത്തെ ഖിലാഫത്ത്-നിസ്സഹകരണ പ്രസ്ഥാനങ്ങളുടെ ഫലമായി രൂപംകൊണ്ട സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായാണ് വിശേഷിപ്പിച്ചത്. സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനുമെതിരെ മാപ്പിള കുടിയാന്മാരും തൊഴിലാളികളും ഒരു നൂറ്റാണ്ടുകാലം നടത്തിവന്ന ഐതിഹാസിക പോരാട്ടങ്ങളുടെ തുടർച്ചയാണ് ആ സമരമെന്ന് വിശേഷിപ്പിച്ചവരുമുണ്ട്. മലബാർ സമരത്തിന് ഔദ്യോഗിക ചരിത്രം രചിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് ചുമതലപ്പെടുത്തിയ ഹിച്ച്കോക്ക് 1925ൽ ഓദ്യോഗിക ചരിത്രം രചിച്ചപ്പോൾ മലബാർ സമരത്തിന് നൽകിയ പേരുതന്നെ Peasant Revolt in Malabar (മലബാറിലെ കർഷക കലാപം) എന്നായിരുന്നു. 'വാഗൺ ട്രാജഡി'ക്ക് കാരണക്കാരനായ ഹിച്ച്കോക്ക് ആ പുസ്തകത്തിൽ വിശദീകരിച്ച് തുടങ്ങുന്നത് ഇങ്ങനെയാണ്:



“ലഹളയുണ്ടാകാൻ ഹിന്ദുക്കൾ വഹിച്ച പങ്കും അതിൽ പങ്കാളികളാകാത്ത അനേകം മാപ്പിളമാരെയും കണക്കിലെടുക്കുമ്പോൾ അതിനെ മാപ്പിളലഹളയെന്നു പറയുന്നത് ശരിയല്ല.' ഹിന്ദുക്കളും മാപ്പിളമാരും തോളോടു തോൾ ചേർന്ന് നടത്തിയ സമരമായിരുന്നു മലബാർ സമരം എന്ന് ഹിച്ച്കോക്ക് ഇവിടെ സമർഥിക്കുന്നു. സമരകാലത്തെ ഹിന്ദു-മുസ്‌ലിം ഐക്യവും ഹിച്ച്കോക്ക് ഈ രചനയിൽ എടുത്ത് പറയുന്നുണ്ട്.

“ലഹളയുണ്ടാകാൻ ഹിന്ദുക്കൾ വഹിച്ച പങ്കും അതിൽ പങ്കാളികളാകാത്ത അനേകം മാപ്പിളമാരെയും കണക്കിലെടുക്കുമ്പോൾ അതിനെ മാപ്പിളലഹളയെന്നു പറയുന്നത് ശരിയല്ല.”[69]

ഹിന്ദുക്കളും മാപ്പിളമാരും തോളോടു തോൾ ചേർന്ന് നടത്തിയ സമരമായിരുന്നു മലബാർ സമരം എന്ന് ഹിച്ച്കോക്ക് ഇവിടെ സമർഥിക്കുന്നു. സമരകാലത്തെ ഹിന്ദു-മുസ്‌ലിം ഐക്യവും ഹിച്ച്കോക്ക് ഈ രചനയിൽ എടുത്ത് പറയുന്നുണ്ട്. അതേക്കുറിച്ച് ഹിച്ച്കോക്ക് നടത്തിയ നിരീക്ഷണം ഇങ്ങനെ വായിക്കാം:

“ഹിന്ദു കുടുംബങ്ങളിലെ സ്വത്തുക്കൾ സംരക്ഷിക്കാൻ ഒരംഗത്തെ നിലനിർത്തിയിട്ട് ബാക്കിയുള്ളവർ സ്ഥലം വിടുന്നത് സാധാരണയായിരുന്നു. ആ സ്ഥലത്തുള്ള കലാപകാരികളിൽനിന്നും അയാൾക്ക് ഉപദ്രവം ഉണ്ടാകുമെന്ന ആശങ്ക അയാൾക്കില്ലായിരുന്നു. മറ്റു സ്ഥലങ്ങളിലെ സംഘങ്ങൾ വരുമ്പോഴായിരുന്നു പ്രശ്നങ്ങളുണ്ടായത്. കലാപങ്ങൾക്കിടയിൽ ഏറനാട്ടിൽ കുറ്റകൃത്യങ്ങൾ ഇല്ലായിരുന്നു...(ഗവൺമെന്റ്) ആഞ്ഞടിക്കാൻ ശ്രമിച്ചതാണ് കലാപത്തിന് കാരണം. വാഴക്കാടും കോഴിക്കോട് താലൂക്കിലും സ്ഥലത്തെ ഹിന്ദുക്കൾ പട്ടാളത്തിന്റെ പിറകേ കൂടി. (1921 ഒക്ടോബർ 18 ഓടു കൂടിയാണ് ഈ സംഭവങ്ങൾ ആരംഭിച്ചത്). വളരെയധികം കൊള്ളകൾ നടത്തി. ആ സംഭവം ലഹളക്കാരുമായി ചേരാത്ത മുസ്‌ലിംകളെ വല്ലാതെ ബുദ്ധിമുട്ടിച്ചു. പ്രദേശത്തെ മുഴുവൻ ഇളക്കി മറിക്കാൻ അത് കാരണമായെന്ന് മാത്രമല്ല, പ്രശ്നങ്ങൾ പ്രതീക്ഷിച്ചതിൽ കൂടുതൽ സങ്കീർണമാക്കുകയും ചെയ്തു.”[70]

ആലി മുസ്‌ല്യാരെ വിചാരണ ചെയ്ത പ്രത്യേക കോടതിയിലെ ജഡ്ജി അഭിപ്രായപ്പെട്ടത്: “മതഭ്രാന്തോ കുടിയാൻ പ്രശ്നമോ ദാരിദ്ര്യമോ അല്ല ആലിമുസ്‌ല്യാരുടെയും അനുയായികളുടെയും മനസ്സിൽ പ്രവർത്തിച്ചത്. ഖിലാഫത്തും നിസ്സഹകരണ പ്രസ്ഥാനവുമാണ് അവരെ കുറ്റകൃത്യങ്ങൾക്കു പ്രേരിപ്പിച്ചതെന്ന് തെളിവുകൾ സംശയലേശമന്യെ വ്യക്തമാക്കുന്നു.”[71]

ഹിന്ദു-മുസ്‌ലിം മൈത്രി അതിന്റെ പാരമ്യത്തിലായിരുന്ന കാലത്താണ് തിരൂരങ്ങാടിയിൽ ആഗസ്റ്റ് 20നു ലഹള ഉണ്ടായതെന്നും ബ്രഹ്മദത്തൻ നമ്പൂതിരി അനുഭവത്തിൽനിന്നും പറയുന്നു. അത് പഞ്ചാബിലും ചൗരിചൗരയിലും ഉണ്ടായതിനു തുല്യവും.[72]

ഖിലാഫത്ത്, നിസ്സഹകരണ സമരങ്ങളെ മതവും ജാതിയും നോക്കാതെ ജനം എങ്ങനെ സ്വാഗ

തം ചെയ്യുവെന്നും അതിനെ തകർക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങളും വ്യക്തമായി ജില്ലാ മജിസ്ട്രേറ്റു കൂടിയായ കലക്ടർ തോമസ് മദ്രാസ് സർക്കാറിന് അയച്ച ദൈ്വവാര റിപ്പോർട്ടുകളിൽനിന്നും മനസ്സിലാക്കാം.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ആവേശോജ്ജ്വലമായ ഒരു ഏടായിരുന്ന മലബാർ കലാപത്തെ വെറും 'മാപ്പിള ലഹള'യായി തരംതാഴ്ത്തിയും നിറംമാറ്റിയും അവതരിപ്പിക്കാൻ പലരും ഹീന ശ്രമം നടത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഐതിഹാസികമായ ആ സമരത്തിന് നേതൃത്വം നൽകുകയും പിന്നീട് ആ സമരത്തെ തള്ളിപ്പറയുകയും ചെയ്തവരിൽ പ്രമുഖൻ അന്നത്തെ കോൺഗ്രസ് പ്രസിഡന്റായിരുന്ന കെ. മാധവൻ നായരായിരുന്നു. കലാപത്തിന്റെ ഭാഗമായി ഉണ്ടായ ഒറ്റപ്പെട്ട ചില സംഭവങ്ങൾ എടുത്തുകാട്ടി സ്വാതന്ത്ര്യസമരത്തിന്റെ പ്രോജ്ജ്വലമായ ഏടുകളെ പിച്ചിച്ചീന്താനാണ് അദ്ദേഹം ശ്രമിച്ചത്. മലബാർ കലാപത്തിൽ പങ്കെടുക്കുകയും ജന്മിമാരോട് സഹകരിക്കുകയും ചെയ്തവരിൽ പലരും തന്നെ ഇതേ രീതിയിൽ മലബാർ കലാപത്തെ ഇകഴ്ത്താൻ ശ്രമിച്ചതായി കാണാൻ കഴിയും.

കോൺഗ്രസ്സ് പ്രവർത്തനം ഊർജിതമായതോടെ ജന്മി കുടുംബങ്ങളിലെയും നായർ ആഢ്യന്മാരുടെയും മക്കളിൽ പലരും കോൺഗ്രസ്സിലും അതിന്റെ സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങളിലും സജീവമായിരുന്നു. അതിന്റെ ഭാഗമായിരുന്നു എം.പി. നാരായണ മേനോൻ, പറമ്പോട്ട് അച്യുതമേനോൻ, വള്ളുവനാട് രാജകുടുംബത്തിലെ ഉണ്ണിക്കുഞ്ചൻ രാജ, മണ്ണാർക്കാട് ഇളയ നായർ, യു. ഗോപാലമേനോൻ, കെ.പി. കേശവമേനോൻ, കെ. മാധവൻ നായർ തുടങ്ങി ജന്മി കുടുംബങ്ങളിൽനിന്നുള്ള ആദ്യകാല കോൺഗ്രസ്സുകാർ. കെ. കേളപ്പൻ, ഇ.എം.എസ്. തുടങ്ങിയവരുടെ രണ്ടാം നിരയും കോൺഗ്രസ്സിൽ പ്രവർത്തിച്ചു തുടങ്ങിയിരുന്നു.

എന്നാൽ, ജന്മിമാർക്കെതിരെ കുടിയാന്മാരെ സംഘടിപ്പിക്കുന്നതും ജന്മിത്തത്തിനെതിരെയുള്ള പോരാട്ടവും കോൺഗ്രസ്സിൽ പ്രവർത്തിക്കുന്ന നേതാക്കളിൽ പലർക്കും ഇഷ്ടമായിരുന്നില്ല. കേശവമേനോൻ, മാധവൻ നായർ, ഗോപാലമേനോൻ തുടങ്ങിയവർ ജന്മി തറവാടുകളിൽ ജനിച്ചവരും ജന്മിമാർക്കു വേണ്ടി കുടിയാന്മാർക്കെതിരെ കേസ് നടത്തുന്ന വക്കീൽമാരുമായിരുന്നു. എന്നാൽ ജന്മി തറവാടുകളിൽ പിറക്കുകുയും കുടിയാന്മാർക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്ത മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, എം.പി. നാരായണ മേനോൻ തുടങ്ങിയ കോൺഗ്രസ് നേതാക്കന്മാരെ മാപ്പിളമാർ അംഗീകരിക്കുകയും അവരുടെ സ്വാധീനഫലമായി മലബാറിലെ മാപ്പിളമാരെല്ലാം തന്നെ കോൺഗ്രസ് അനുകൂലികളാകുകയും ചെയ്തു. ഇവരാകട്ടെ, ജന്മിമാർക്കെതിരെ കുടിയാന്മാരുടെ കേസ് നടത്തുന്നവരുമായിരുന്നു. ജന്മിമാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിച്ചവരെല്ലാം തന്നെ മലബാർ കലാപത്തിന്റെ നിറം കെടുത്താൻ ശ്രമിച്ചതായി കാണാൻ കഴിയും. അതുകൊണ്ടുതന്നെ 1921ലെ സ്വാതന്ത്ര്യസമരത്തിനെതിരെ പാറപോലെ ഉറച്ചുനിന്ന ജന്മി-നാടുവാഴിത്തത്തെയും അവരെ സഹായിച്ച കോൺഗ്രസ്സുകാരെയും അംഗീകരിക്കാൻ മാപ്പിളമാർക്കു കഴിഞ്ഞിരുന്നില്ല. കേശവമേനോൻ, മാധവൻ നായർ, ഗോപാലമേനോൻ തുടങ്ങിയവർ അക്കൂട്ടത്തിൽ പെട്ടവരായിരുന്നു. എന്നാൽ മലബാർ സമരരംഗത്ത് ഉറച്ചുനിന്ന നാരായണ മേനോനും മോഴിക്കുന്നനും 'കലാപ'ത്തിൽ പങ്കെടുത്തതിന് ശിക്ഷിക്കപ്പെടുകയും ചെയ്തു.

മാധവൻനായർ നായർ മലബാർ സമരക്കാരോട് ചെയ്ത വഞ്ചന



ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ആവേശോജ്ജ്വലമായ ഒരു ഏടായിരുന്ന മലബാർ കലാപത്തെ വെറും 'മാപ്പിള ലഹള'യായി തരംതാഴ്ത്തിയും നിറംമാറ്റിയും അവതരിപ്പിക്കാൻ പലരും ഹീനശ്രമം നടത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഐതിഹാസികമായ ആ സമരത്തിന് നേതൃത്വം നൽകുകയും പിന്നീട് ആ സമരത്തെ തള്ളിപ്പറയുകയും ചെയ്തവരിൽ പ്രമുഖൻ അന്നത്തെ കോൺഗ്രസ് പ്രസിഡന്റായിരുന്ന കെ. മാധവൻ നായരായിരുന്നു. കലാപത്തിന്റെ ഭാഗമായി ഉണ്ടായ ഒറ്റപ്പെട്ട ചില സംഭവങ്ങൾ എടുത്തുകാട്ടി സ്വാതന്ത്ര്യസമരത്തിന്റെ പ്രോജ്ജ്വലമായ ഏടുകളെ പിച്ചിച്ചീന്താനാണ് അദ്ദേഹം ശ്രമിച്ചത്.



ദേശസ്നേഹികളിലൊരാൾക്കും മറക്കാനാവില്ല. പൂക്കോട്ടൂർ സമരത്തോടനുബന്ധിച്ച് ക്ഷുഭിതരായ ജനക്കൂട്ടത്തെ ശാന്തരാക്കാൻ അബ്ദുറഹ്മാൻ സാഹിബ് നടത്തിയ പ്രസംഗവും മറ്റു ഇടപെടലുകളും ഫലവത്താകാതെ വന്നപ്പോൾ അവിടുത്തെ ജനങ്ങളെ ശാന്തമാക്കാൻ അബ്ദുറഹ്മാൻ സാഹിബ്, മാധവൻ നായരെയാണ് ആഗസ്റ്റ് 21 നു തിരൂരങ്ങാടി സംഭവത്തിനു ശേഷം വിശ്വസിച്ച് കൂട്ടിക്കൊണ്ടുപോയത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ സമുന്നതനായ ആ നേതാവ് ചെയ്തത് പട്ടാളം മഞ്ചേരിയിലെത്തിയതിന്റെ അടുത്ത ദിവസം സെപ്റ്റംബർ 3ന് അദ്ദേഹത്തിന്റെ അനുയായികളെ ഉപേക്ഷിച്ച് കോഴിക്കോട്ടേക്ക് കാൽനടയായി പുറപ്പെടുകയായിരുന്നു. അദ്ദേഹത്തെ തിരിച്ചറിഞ്ഞ മാപ്പിളമാർ യാത്ര ചെയ്യാൻ കാളവണ്ടി ഏർപ്പാട് ചെയ്തു കൊടുത്തു. 4ാം തീയതി കോഴിക്കോട്ടെത്തിയ അദ്ദേഹം 5ാം തീയതി കലക്ടറെ കണ്ടു. "കലക്ടറുടെ ആജ്ഞകൾ അനുസരിക്കാമെന്നും ആറു മാസത്തേക്ക് ഏറനാട്ടിൽ യാതൊരുവിധ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ലായെന്നും ഉറപ്പെഴുതി കൊടുക്കുക മാത്രമല്ല, മാപ്പിളമാർ ഹിന്ദുക്കളെ ഉപദ്രവിക്കുന്നെന്നും മതം മാറ്റാൻ ശ്രമിക്കുന്നെന്നും പട്ടാളത്തെ അയച്ച് അവരെ അടിച്ചമർത്തണമെന്നും കൂടി എഴുതിക്കൊടുത്തു."(73)

മലബാർ സമരത്തെ അടിച്ചമർത്തണമെന്ന ജന്മിമാരുടെ ആഗ്രഹമാണ് മാധവൻ നായർ ഇവിടെ സാധിച്ചുകൊടുത്തത്. മാധവൻ നായർ ഇങ്ങനെ എഴുതിക്കൊടുക്കുന്നതിനു മുമ്പ് ഏതെങ്കിലും വർഗീയ സംഭവങ്ങളുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ പ്രസ്താവനയെ മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് ഖണ്ഡിക്കുന്നത് ഇങ്ങനെയാണ്:

"ഹിച്ച്കോക്ക് മുതൽ മലബാർ കലാപത്തെ പറ്റി എഴുതിയ എല്ലാവരും തന്നെ ഒക്ടോബർ അവസാനം പട്ടാളം വന്ന ശേഷമാണ് ചില വർഗീയ സംഭവങ്ങളുണ്ടായതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവാസ്തവമായ കാരണങ്ങളുയർത്തി താനുൾപ്പെടെയുള്ള നേതാക്കൾ വളർത്തിയ പ്രക്ഷോഭം പട്ടാളത്തെ അയച്ച് അടിച്ചമർത്താൻ ഒരു നേതാവുതന്നെ ആവശ്യപ്പെടുന്നതാണ് നാമിവിടെ കാണുന്നത്."(74)

മലബാർ സമരത്തിനെതിരെ പാറപോലെ ഉറച്ചുനിന്ന ജന്മി നാടുവാഴിത്തവും അവരെ സഹായിച്ച കോൺഗ്രസുകാരും മാപ്പിളമാരോടു കാണിച്ച ഈ വഞ്ചന ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു തന്നെ കാലതാമസമുണ്ടാക്കിയതായി പതിനാലു വർഷത്തെ ജയിൽ വാസത്തിനു ശേഷം 1937ൽ പുറത്തുവന്ന എം.പി. നാരായണ മേനോൻ 'സ്വരാജ്യം' വാരികയ്ക്കു നൽകിയ ഒരഭിമുഖത്തിൽ എടുത്തുപറഞ്ഞത് ശ്രദ്ധേയമാണ്.

മലബാർ സമരത്തെ പട്ടാളത്തെ അയച്ച് അടിച്ചമർത്താൻ ആവശ്യപ്പെട്ട മാധവൻ നായർ തന്നെയായിരുന്നു കലാപാനന്തരം മലബാർ കലാപത്തെക്കുറിച്ച് രചിക്കപ്പെട്ട ആദ്യത്തെ ചരിത്ര വിവരണത്തിന്റെ കർത്താവ്. കലാപം അവസാനിച്ച ഉടൻതന്നെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഖണ്ഡശ്ശയായി ഈ ചരിത്രവിവരണം പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. ഇത് പ്രസിദ്ധപ്പെടുത്തി തുടങ്ങിയത് 1923 ഏപ്രിൽ 28 മുതലായിരുന്നു. സ്വാതന്ത്ര്യ സമര രംഗത്ത് നിസ്സഹകരണ, ഖിലാഫത്ത് പ്രവർത്തനങ്ങ

ളിൽ മുന്നണിപ്പോരാളിയായിരുന്ന അദ്ദേഹം അതിനു നൽകിയ ശീർഷകം ആദ്യത്തിൽ 'മലയാളത്തിലെ മാപ്പിള ലഹള' എന്നായിരുന്നു. സമരത്തിന്റെ ഭാഗമായി അദ്ദേഹം സ്വീകരിച്ച നിലപാടുകളിൽനിന്നും ആ വിവരണത്തിന്റെ സ്വീകാര്യത എത്രയായിരിക്കും എന്ന് നമുക്കൂഹിക്കാമല്ലോ. പല കാര്യങ്ങളും സത്യസന്ധമായി അവതരിപ്പിക്കുമ്പോൾതന്നെ മാപ്പിളമാർ ഹിന്ദുവിരുദ്ധരായിരുന്നുവെന്ന് സ്ഥാപിക്കാനുള്ള വ്യഗ്രത മാധവൻ നായരുടെ ലേഖനത്തിൽ പലയിടത്തും മറനീക്കി പുറത്തുവന്നിരുന്നു.

അദ്ദേഹം എഴുതിയ ലേഖനങ്ങളും അതിനെതിരെ അതേ പത്രത്തിൽ വന്ന പ്രതികരണങ്ങളും അദ്ദേഹം നടത്തിയ കുറ്റസമ്മതങ്ങളും ഒരുമിച്ചു വായിക്കുമ്പോൾ മാത്രമെ ആ ലേഖനത്തിലെ ശരിതെറ്റുകൾ വിലയിരുത്താനാവൂ. ആദ്യ ലേഖനത്തിലെ ആദ്യ ഖണ്ഡികയിൽ തന്നെ മാധവൻ നായർ പറഞ്ഞു തുടങ്ങുന്നത് ഇങ്ങനെയാണ്:

"ഇക്കഴിഞ്ഞ വമ്പിച്ച ലഹളയെപ്പറ്റി ചരിത്രം എഴുതുവാൻ കാലം ആയിട്ടില്ല. ലഹളയുമായി സംബന്ധിച്ചുള്ള പലരുടെയും അദൃഷ്ടം തന്നെ തീർച്ചപ്പെട്ടിട്ടില്ല. വലുതായ ഈ കലാപത്തിന്റെ ഫലമായി ജനസാമാന്യത്തെ അലട്ടുന്ന സ്പർധകൾ ശമിച്ചിട്ടില്ല. നിഷ്പക്ഷമല്ലാത്ത അഭിപ്രായങ്ങളുടെ ശക്തിക്ക് കുറവ് വന്നിട്ടില്ല എന്നു മാത്രമല്ല, ലഹളക്കാലത്ത് നടന്ന സംഭവങ്ങളുടെ സൂക്ഷ്മമായ വിവരം ഇതുവരെ വെളിപ്പെട്ടിട്ടുമില്ല."

ഈ മുഖവുരയിൽനിന്നുതന്നെ അദ്ദേഹം എഴുതിയത് സൂക്ഷ്മമായ ഒരു ചരിത്രനിരീക്ഷണമല്ലെന്ന് മനസ്സിലാക്കേണ്ടിവരും. തുടർന്ന് അദ്ദേഹം എഴുതുന്നത് സർക്കാർ ആ കലാപ ചരിത്രമെഴുതാൻ നിയോഗിച്ച ഹിച്ച്ഹോക്കിൽ പ്രതീക്ഷ വെച്ചുവെന്നും എന്നാൽ, അയാളത് ചെയ്യാത്തതിനാൽ ആ പ്രതീക്ഷ ഉപേക്ഷിച്ചുവെന്നുമാണ്. എന്നാൽ അദ്ദേഹം ഈ ചരിത്രം എഴുതിയതിനു ശേഷം ഹിച്ച്കോക്ക് തന്നെ 1925ൽ Peasant Revolt in Malabar (മലബാറിലെ കർഷക കലാപം) എന്ന പേരിൽ ഔദ്യോഗിക ചരിത്രം രചിച്ചത് മാധവൻ നായർ വിലയിരുത്തിയതായോ അതിനനുസൃതമായി തന്റെ ലേഖനങ്ങളിൽ വന്ന അബദ്ധങ്ങൾ തിരുത്തിയതായോ കാണാനാവില്ല. ഒരു പക്ഷേ, അദ്ദേഹത്തിന്റെ അകാലത്തിലുള്ള മരണം അതിനു തടസ്സമായി മാറിക്കാണണം.

പിന്നീട് കോൺഗ്രസ് പ്രസിഡന്റും മദ്രാസ് ഹൈകോടതിയിലെ മുൻ ജഡ്ജിയുമായിരുന്ന തയ്യബ്ജിയെ പാർട്ടി ചുമതലപ്പെടുത്തിയതും അത് നടക്കാതെപോയതും ഒന്നരക്കൊല്ലമായി ഒരന്വേഷണവും നടക്കാത്തതിനാൽ തന്റെ അറിവിലുള്ള കാര്യങ്ങൾ 'മാതൃഭൂമി'യിൽ എഴുതുന്നത് അനൗചിത്യമായി വരില്ലെന്നും മാധവൻ നായർ പറഞ്ഞുവയ്ക്കുന്നു. തന്റേതായ ചില കേട്ടറിവുകളും ധാരണകളും മാത്രമാണ് തന്റെ ലേഖനത്തിൽ അദ്ദേഹം ഉൾക്കൊള്ളിച്ചത് എന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. മാത്രമല്ല, 'ജന്മികളും മാപ്പിളലഹളയും' എന്ന തന്റെ ലേഖനം തെറ്റിദ്ധാരണകൾ ഉണ്ടാക്കിയെന്നു മാധവൻനായർ സമ്മതിക്കുകയും ചെയ്യുന്നു.

മാധവൻ നായർ ഈ ലേഖനം എഴുതുവാൻ തുനിയുന്നത്, 'മലബാർ ഇസ്‌ലാമി'ന്റെ പോർവിളിയും ചിലരുടെ അപേക്ഷയും പരിഗണിച്ചാണ് എന്നുകൂടി മുഖവുരയിൽ പറയുന്നു. ഇത് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പലയിടത്തും നിഷ്പക്ഷമാകാൻ സാധ്യതയില്ലെന്ന നിഗമനത്തിലെത്താൻ ഉപകരിക്കുന്നതാണ്. കൂടുതൽ കാലം അദ്ദേഹത്തിനു ജീവിക്കാൻ സാധിച്ചിരുന്നുവെങ്കിൽ 'ജന്മികളും മാപ്പിളലഹളയും' എന്ന ലേഖനത്തിൽ വന്ന അബദ്ധങ്ങൾ തിരുത്തിയതുപോലെ മലബാർ കലാപത്തെക്കുറിച്ചുള്ള നിഷ്പക്ഷമല്ലാത്ത പല നിരീക്ഷണങ്ങളും തിരുത്തുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു.

മാതൃഭൂമി പത്രം കെ. മാധവൻ നായരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾതന്നെ ഈ ലേഖനപരമ്പരയിലെ ഗുരുതരമായ ചരിത്രാബദ്ധങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ട് ഇ.കെ മൗലവി സാഹിബ് ചില വിയോജനക്കുറിപ്പുകൾ അൽ അമീൻ, മാതൃഭൂമി എന്നീ പത്രങ്ങളിൽ എഴുതിയിരുന്നു. മാതൃഭൂമിയിലെ മൗലവിയുടെ ലേഖനങ്ങളെക്കുറിച്ചുള്ള മാധവൻ നായരുടെ വിശദീകരണം അതേ പത്രത്തിൽ തുടർന്നു കൊടുക്കുകയും ചെയ്തിരുന്നു.

*അവലംബം:*


*69. ഹിച്ച്കോക്ക്, Peasant Revolt in Malabar, പേജ് 3.*

*70. ഹിച്ച്കോക്ക്, Peasant Revolt in Malabar, പേജ് 152-178.*

*71. ടോട്ടൻഹാം, Mappila Rebellion, പേജ് 42.*

*72. മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഖിലാഫത്ത് സ്മരണകൾ പേജ് 61.*

*73. Exhibit No.3 Case 1280/1922, Madras High Court records, ഉദ്ധരിച്ചത്, എം.പി.എസ്.മേനോൻ, മലബാർ കലാപം, പേജ് 168.*

*74. മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഖിലാഫത്ത് സ്മരണകൾ, പേജ് 58.*


(തുടരും)

നബീൽ പയ്യോളി

# വിശപ്പകറ്റാൻ വെന്തുരുകുന്നവർ



റോട്ടിലെ ആൾക്കൂട്ടത്തെയും പൊലീസുകാരെയും ആംബുലൻസും കണ്ടാണ് നോക്കിയത്. റോട്ടിൽ കിടക്കുന്നു തകർന്ന ബൈക്കും കാറും. ബൈക്കിന് പിന്നിലെ ഫുഡ് ബോക്സ് കണ്ടപ്പോൾ 'ഡെലിവറി ബോയ് ബൈക്ക്' ആണെന്ന് മനസ്സിലായി.

ചീറിപ്പായുന്ന വാഹനങ്ങൾക്കിടയിൽ ഇരുചക്രവാഹനങ്ങളിൽ കുതിക്കുന്ന 'ഡെലിവറി ബോയ് ബൈക്ക്' എന്നത് മനസ്സിൽ ഒരു നൊമ്പരമായി നിൽക്കുന്നു.

ഗൾഫിലെ വീഥികളിൽ മുൻപൊന്നും ഇരുചക്ര വാഹനങ്ങൾ ഉണ്ടായിരുന്നില്ല. ഇന്നിപ്പോൾ വിരൽത്തുമ്പിൽ വിശപ്പടക്കാൻ ആപ്പുകൾ ഉള്ളപ്പോൾ ഡെലിവറി ബോയ് എന്നത് അനിവാര്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. ആയിരങ്ങൾ അന്നത്തിനു കണ്ടെത്തിയ തൊഴിൽ.

അപകടങ്ങളിൽ പലപ്പോഴും തകർന്ന് കിടക്കുന്ന ബൈക്കും പിന്നിലെ ഫുഡ് ബോക്സും കാണാറുണ്ട്. ഇപ്പൊൾ വരുമെന്ന് കരുതി വിശന്നിരിക്കുന്ന ആർക്കോ വേണ്ടിയാണവർ കുതിക്കുന്നത്. സ്വന്തം വിശപ്പകറ്റാനും കുടുംബത്തിന്റെ വയറു നിറക്കാൻ വേണ്ടിയുമാണ് അവർ പാടുപെടുന്നത്.

വെന്തുരുകുന്ന വെയിൽ, കത്തിനിൽക്കുന്ന പാതകൾ, ശരവേഗത്തിൽ കുതിക്കുന്ന വാഹനങ്ങൾ. ഇതിനിടയിലൂടെയാണ് ജീവനും കൊണ്ട് അവർ ഓടുന്നത്. തീരാത്ത ഗതാഗതക്കുരുക്കും കാത്തിരുന്നു വിളിക്കുന്ന കസ്റ്റമറും തട്ടാതെ മുട്ടാതെ അവിടെ എത്തണമെന്നുള്ള ചിന്തയും. പാവങ്ങൾ റോഡിലൂടെ വെപ്രാളത്തിൽ പോകുന്നതിനിടയിൽ വല്ല അബദ്ധവും വന്നുപോയാൽ കേൾക്കണം മറ്റുള്ളവരുടെ ശകാരം. വൈകിയെത്തിയാൽ കസ്റ്റമർ, കമ്പനി എല്ലാവരും എടുത്ത് അലക്കും.

ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ സ്വയം മറന്ന് ഉരുകിത്തീരുന്ന ഒരുകൂട്ടം ആളുകൾ; ഡെലിവറി ബോയ്കൾ. പലരുടെയും ശകാരങ്ങൾക്ക് പലപ്പോഴും പാത്രീഭൂതരായവർ.

പലർക്കും സഹായവും സ്നേഹവും കൈത്താങ്ങുമായി ഡെലിവറി ബോയ് വരുന്ന ദൃശ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ വൈറലായത് കണ്ടിട്ടുണ്ട് നാം. ഭക്ഷണവുമായി എത്താൻ വൈകിയതിൽ ദേഷ്യപ്പെട്ട് കസ്റ്റമറുടെ അടിയേറ്റ് കരവാളിച്ച മുഖവുമായി നിൽക്കുന്ന ഡെലിവറി ബോയിയെയും നാം കണ്ടിട്ടുണ്ട്.

നല്ല മനസ്സോടെ അവരെ കാണാനും ഉപദ്രവിക്കാതിരിക്കാനും സഹാനുഭൂതിയും സഹജീവി സ്നേഹവും പ്രകടിപ്പിക്കാനും നമുക്കൊക്കെ മനസ്സുണ്ടാകണം. അതിന് തിരിച്ചറിവും പക്വതയും വിവേകവും ഹേതുവാകട്ടെ. ■

മൂസ സ്വലാഹി കാര
: 97473 45768

ഒരു തോണിയിലേറി ഒന്നിച്ച് തുഴയാൻ തുടങ്ങിയപ്പോഴുണ്ടായ 'കോലാഹലങ്ങൾ' കാരണം വ്യതിയാനത്തിന്റെ വ്യാപ്തി കൂട്ടാൻ ഇരുവരും പഴയ രൂപം പ്രാപിച്ചും ചിലരൊക്കെ 'പേര് നന്നാക്കി'യും മുന്നോട്ട് പോകുന്നുണ്ടെങ്കിലും 'ആദർശ വ്യതിയാന ഐക്യം' കാത്തുസൂക്ഷിക്കുന്നതിൽ ഇവർ കേമന്മാരാണെന്നത് പറയാതെ വയ്യ. ഇരു വിഭാഗങ്ങളെയും യഥാർഥ പ്രകാശത്തിലേക്ക് നയിക്കുകയെന്ന വിശ്വാസികളുടെ ബാധ്യതയാണ് റബ്ബിന്റെ അനുഗ്രഹത്താൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും പോഷക ഘടകളും നിർവഹിച്ചുകൊണ്ടിരിക്കുന്നത്.



# ആദർശത്തിനു പരിക്കേൽപിച്ചവർ ആര്?

ഇസ്‌ലാമിന്റെ പ്രഭയും പ്രത്യേകതയും വിളിച്ചോതുന്ന ഇസ്‌ലാഹിൽ 'ഇഫ്സാദ്' എന്ന വിഷം കലർത്താൻ മിനക്കെട്ടിറങ്ങിയ മർക്കസ്സുദ്ദഅ്‌വ നേതൃത്വം പാലിൽ വെള്ളം ചേർത്ത് കരിഞ്ചന്ത നടത്തുന്നവർക്ക് സമമായിട്ടാണ് അനുദിനം സമൂഹത്തിൽ പ്രവർത്തിക്കുന്നത്. മതത്തിന്റെ അടിത്തറയായ തൗഹീദിനെ അവമതിച്ചും അടിസ്ഥാന പ്രമാണങ്ങളെ അവഹേളിച്ചും നെട്ടോട്ടമോടുന്ന ഇവരുടെ പിഴവുകൾ ചൂണ്ടിക്കാട്ടി സത്യത്തിലേക്ക് തിരിച്ച് വിളിക്കാൻ നിർവ്വഹിക്കപ്പെടുന്ന പ്രയത്നങ്ങളോട് 'പല്ലിളിച്ച്' സമാധാനപ്പെടേണ്ട അവസ്ഥയിലാണിവർ.

നേർപഥം 2024 ജൂൺ 15-21 ലക്കത്തിൽ 'ഇസ്‌ലാഹ്; പ്രസക്തിയും പ്രയോഗവും' എന്ന വിഷയത്തിൽ ഈയുള്ളവൻ എഴുതിയ ലേഖനവും അതിൽ എടുത്ത് കാണിച്ച തെളിവുകളും മർകസുദ്ദഅ്‌വക്കാരെ വല്ലാതെ പ്രകോപിപ്പിച്ചിരിക്കുന്നു. മറുപടിയെന്ന മട്ടിൽ ശബാബിൽ എഴുതിവിടുന്ന ന്യായീകരണങ്ങൾക്കും ഇപ്പോഴും ഇവർ ജീവൻ നൽകുന്ന വ്യതിയാനങ്ങൾക്കും വ്യക്തമായ തെളിവ് ഹാജറാക്കുകയോ, പിഴവ് പിൻവലിക്കുകയോ ചെയ്യുന്നതുവരെ ചർച്ചകൾ തുടരേണ്ടതുണ്ട്.

അഹ്‌ലുസ്സുന്ന വൽജമാഅയുടെ ആദർശ നിലപാടുകളെ സത്യസന്ധമായി സംരക്ഷിച്ച് പോരുന്ന വിസ്ഡം കൂട്ടായ്മയെ ശബാബുകാരൻ കല്ലെറിഞ്ഞ് അരിശം തീർക്കാൻ ശ്രമിക്കുന്നത് കാണുക:

"പ്രമാണബദ്ധമായ പ്രതിരോധത്തിനു മുന്നിൽ ചെറുത്തു നിൽക്കാനാവാതെ കടപുഴകി പഴങ്കഥകളായ വികല വിശ്വാസങ്ങൾക്ക് പുതുജീവനേകി മുജാഹിദ് വിലാസത്തിൽ പുനരാനയിച്ച്, ഇസ്‌ലാഹീ കേരളത്തോട് കടുത്ത വഞ്ചന നടത്തിയവരാണിവർ. ഏതൊരു ആദർശത്തിന്റെ കരുത്തിലാണോ മുജാഹിദ് പ്രസ്ഥാനം പിറവിയെടുത്തതും പിച്ചവെച്ചതും കുതിച്ച് മുന്നേറിയതും, അതേ ആദർശത്തെ മാരകമായി പരിക്കേൽപിച്ച് സ്വാർഥലാഭങ്ങൾ ലാക്കാക്കി പ്രസ്ഥാനത്തിന് കേട്ടുകേൾവി പോലുമില്ലാത്ത പു

ത്തൻ വാദങ്ങളും പുത്തനാചാരങ്ങളും നട്ടുമുളപ്പിച്ചത് വൃഥാവിലാവുമോ എന്നാണ് അവരുടെ ആധി" (ശബാബ്/2024 ആഗസ്റ്റ് 16/പേജ് 32).

ആദർശ ശൈഥില്യം ബാധിച്ച്, പുതിയ 'ചിന്താധാര'യുമായി മുജാഹിദ് പ്രസ്ഥാനത്തിൽനിന്ന് 2000ൽ വേറിട്ടു പോയ ഇക്കൂട്ടർ പതിനാറ് വർഷങ്ങൾക്ക് ശേഷം അതേ ആശയത്തോട് ഭ്രമം മൂത്ത് കൂട്ടുകൂടാൻ വന്ന സിഡി ടവർ വിഭാഗവുമായി ലയിച്ച് നടത്തിയ 'ഐക്യപ്പെരുന്നാൾ' ഈ ലേഖകൻ മറന്നതുകൊണ്ടായിരിക്കും ഇത്ര ദേഷ്യത്തോടെ ചാടിവീഴുന്നത്. ഇവർക്ക് ചുക്കാൻ പിടിച്ചിരുന്ന എ അസ്ഗറലി 2016 ഡിസംബർ 16ലെ ശബാബിൽ 'ആദർശ പൊരുത്തത്തിലൂടെ സംഘടനാ ഐക്യത്തിലേക്ക്' എന്ന തലവാചകത്തിൽ എഴുതിയത് വായിക്കാം: "മിക്കവാറും സംഘടനകളുടെ ചരിത്രത്തിൽ ഒരു ഇരുണ്ട കാലഘട്ടം പിന്നിടാതിരുന്നിട്ടില്ല. 2000 മുതൽ 2015 വരെ മുജാഹിദ് പ്രസ്ഥാനത്തിന് അത്തരമൊരു ഇരുണ്ട കാലമായിരുന്നു. ഈ ഇരുട്ടിൽനിന്ന് നാം വെളിച്ചത്തിലേക്ക് വരികയാണ്" (പേജ് 21).

ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ പണ്ഡിതന്മാർ ജ്വലിപ്പിച്ച ആദർശ വെളിച്ചം ഇട്ടെറിഞ്ഞ് ഇരുട്ടിലേക്ക് പോയവരാണ് ഞങ്ങളെന്ന് പരസ്യമായി പറഞ്ഞ ഇവർക്ക് ആ പൈതൃകത്തിൽ ഉറച്ച് നിൽക്കുന്നവരെ ആക്ഷേപിക്കാൻ എന്തർഹതയാണുള്ളത്? ഇരുട്ടിലാണെന്ന് തിരിച്ചറിഞ്ഞ് തിരികെ വന്നപ്പോൾ അതേ ഇരുട്ടിനെ നിറഞ്ഞ മനസ്സോടെ സ്വീകരിക്കാൻ സർവസജ്ജരായി നിൽക്കുന്നവരെ വാരിപ്പുണർന്നവർ മുജാഹിദ് പ്രസ്ഥാനത്തിന്റെ ആദർശ കരുത്ത് അവകാശപ്പെടുന്നതിൽ എന്തർഥമാണുള്ളത്? ഒരു തോണിയിലേറി ഒന്നിച്ച് തുഴയാൻ തുടങ്ങിയപ്പോഴുണ്ടായ 'കോലാഹലങ്ങൾ' കാരണം വ്യതിയാനത്തിന്റെ വ്യാപ്തി കൂട്ടാൻ ഇരുവരും പഴയ രൂപം പ്രാപിച്ചും ചിലരൊക്കെ 'പേര് നന്നാക്കി'യും മുന്നോട്ട് പോകുന്നുണ്ടെങ്കിലും 'ആദർശ വ്യതിയാന ഐക്യം' കാത്തുസൂക്ഷിക്കുന്നതിൽ ഇവർ കേമന്മാരാണെന്നത് പറയാതെ വയ്യ.

ഇരു വിഭാഗങ്ങളെയും യഥാർഥ പ്രകാശത്തിലേക്ക് നയിക്കുകയെന്ന വിശ്വാസികളുടെ ബാധ്യതയാണ് റബ്ബിന്റെ അനുഗ്രഹത്താൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും പോഷക ഘടകങ്ങളും നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

അല്ലാഹു പറയുന്നു: "അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (5:16).

ശൈഖ് നാസിറുസ്സഅ്ദി(റ) ഇരുളും വെളിച്ചവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു: "അവിശ്വാസം, പുത്തനാചാരം, ധിക്കാരം, അജ്ഞത, അശ്രദ്ധ ഇതെല്ലാം ഇരുളും; വിശ്വാസം, നബിചര്യ, അനുസരണം, അറിവ്, ദിക്ർ എന്നിവ വെളിച്ചവുമാണ്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ നൽകുകയും അല്ലാത്തവർക്ക് കിട്ടാതാവുകയും ചെയ്യുന്ന സന്മാർഗമാണത്."

ശബാബ് ലേഖകൻ തുടരുന്നു: "അസുഖങ്ങളും അനർഥങ്ങളും ഉണ്ടാകുമ്പോൾ ജിന്നുബാധയും കൂടോത്രവുമാണെന്ന് ആശങ്കിക്കുന്നവരും മുജാഹിദ് കുടുംബങ്ങളിൽനിന്ന് ഉണ്ടായി വന്നത് ഇവരുടെ ദുർനയത്തിന്റെയും ദുർവായനയുടെയും ദുരന്തഫലമാണ്. എന്നാൽ, മുജാഹിദ് പ്രസ്ഥാനം നാളിതുവരെ പുലർത്തിപ്പോന്ന ആശയാദർശങ്ങൾ അട്ടിമറിച്ച് താണ്ഡവമാടുമ്പോഴും ഇവർ മുജാഹിദുകളെ ചൂണ്ടി ദേ, ആദർശ വ്യതിയാനം എന്ന് ആർത്തുവിളിച്ച് ആക്ഷേപിച്ചു നടക്കുകയായിരുന്നു" (പേജ് 33).

ഇസ്‌ലാഹിന്റെ മുന്നണിപ്പോരാളിയായിരുന്ന കെ.എം മൗലവി(റഹ്)യെ പോലുള്ളവർ പ്രാമാണികമായി പഠിപ്പിച്ച ആദർശ നിലപാടുകളെയാണ് വിസ്ഡത്തോടുള്ള അരിശം തീർക്കാൻ അധിക്ഷേപിക്കുന്നത്. ആരോപിത വിഷയങ്ങളിൽ യഥാർഥ മുജാഹിദുകളുടെ നയം ആരോപകന്റെ സംഘടനതന്നെ അച്ചടിച്ച് വിൽപന നടത്തുന്ന 'കെ.എം മൗലവി; ഫത്‌വകൾ' എന്ന പുസ്തകത്തിൽ നിന്ന് വായിക്കാം:

"എന്നാൽ ക്വുർആനിലെ ആയത്തുകൾ, അല്ലാഹുവിന്റെ നാമങ്ങൾ, ഗുണങ്ങൾ, നബി(സ)യിൽ നിന്ന് ലഭിച്ചിട്ടുള്ള പ്രാർഥനകൾ എന്നിവയെക്കൊണ്ട് മേൽപറഞ്ഞ അവസരങ്ങളിൽ മാരണമോ പിശാച് ബാധയോ ഏറ്റിട്ടുണ്ടെന്ന് വിചാരിക്കപ്പെടുന്ന അവസരങ്ങളിൽ ചികിത്സ നടത്തുന്നതുകൊണ്ട് ദോഷമില്ല"(പേജ് 18).

അമാനി മൗലവി(റഹി)യുടെ വിശുദ്ധ ക്വുർആൻ വിവരണത്തിലും 'ഇസ്‌ലാമിക ജീവിതം' എന്ന പുസ്തകത്തിലും ഇതേ കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

മുജാഹിദ് തറവാട്ടിലെ പണ്ഡിത മഹത്തുക്കളുടെ ഈ പ്രാമാണിക നിലപാടിനെ വികലമാക്കി അവതരിപ്പിച്ചത് ഇവർ തന്നെയാണ് എന്നത് ഈയൊരു ഉദാഹരണത്തിൽനിന്നുതന്നെ വ്യക്തമാണ്. 'മുജാഹിദ് പ്രസ്ഥാനം നാളിതുവരെ പുലർത്തിപ്പോന്ന ആശയാദർശങ്ങൾ അട്ടിമറിച്ച് താണ്ഡവമാടുന്നവർ' എന്ന വിശേഷണം ആർക്കാണു ചേരുക എന്ന് നമുക്കൊന്ന് പരിശോധിക്കാം.

*(അടുത്ത ലക്കത്തിൽ: ഹദീസ് നിഷേധം വെറും ആരോപണമോ?)*

മുഹമ്മദ് സിയാദ്, വാരണാക്കര
: 97450 29410

# മൂല്യ നിരാസത്തിലേക്ക് നയിക്കുന്ന ദൃശ്യകലകൾ



ഹേമ കമ്മിറ്റി റിപ്പോർട്ടിനെ സമൂഹം എങ്ങനെ സ്വീകരിച്ചു എന്ന് പരിശോധിക്കുമ്പോൾ രസകരമായൊരു കാര്യം കാണാൻ കഴിയും; നല്ലൊരു വിഭാഗവും 'ഇതൊക്കെ ഞങ്ങൾക്ക് നേരത്തെ അറിയാം' എന്ന രീതിയിൽ തന്നെയാണ് ആശയങ്ങൾ പങ്കുവയ്ക്കുന്നത്! അതുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ വന്ന പോസ്റ്റുകൾക്ക് കിട്ടുന്ന പ്രതികരണങ്ങളും അത്തരത്തിലാണ്. അതായത് പ്രത്യേകിച്ചൊരു 'ഞെട്ടൽ' മനോഭാവം കുറവാണ്. മാധ്യമങ്ങൾ 'ഞെട്ടിത്തരിച്ച് കേരളം' എന്ന തലക്കെട്ട് കൊടുത്തുവെങ്കിലും, റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങളിൽ ഞെട്ടേണ്ടതായി ഒന്നുമില്ല. ഇതിൽ ഞെട്ടാനുള്ളത്, റിപ്പോർട്ട് പുറത്തു വന്നു എന്നതിലും ഭാവിയിൽ ഞെട്ടാനുള്ളത് കുറ്റവാളികൾ ഊരിപ്പോരാതെ ജയിലിൽ അടക്കപ്പെടുക എന്നതിലുമാണ്.

സ്ക്രീനിന്റെയുള്ളിൽ അധാർമികത കാണിക്കുന്നവരെല്ലാം സ്ക്രീനിന്റെ പുറത്ത് മഹത്തുക്കളാണ് എന്ന് കരുതുന്നത് വല്ലാത്തൊരു നിഷ്കളങ്കതയാണ്.

സിനിമയിൽ ഒരവസരത്തിനു വേണ്ടി പലതിനും വഴങ്ങിക്കൊടുക്കാൻ പലരെയും പ്രേരിപ്പിച്ചത് എന്താണ്? പണവും പ്രശസ്തിയും! ആരാണ് പണവും പ്രശസ്തിയും നൽകുന്നത്?

സിനിമ ആളുകൾക്ക് മുന്നിൽ ഒരു സാങ്കൽപിക ലോകത്തെ കാണിക്കുകയോ അല്ലെങ്കിൽ യഥാർഥ ലോകത്തിലെ സാങ്കൽ പിക കഥാപാത്രങ്ങളെ കാണിക്കുകയോ ആണ് ചെയ്യുന്നത്. യഥാർഥ ലോകത്ത് നടപ്പിലാക്കിയാൽ സമൂഹത്തെ തന്നെ നശി പ്പിക്കാൻ കെല്പുള്ള ലിബറൽ ആശയങ്ങളെ ഇവർ അവരുടെ സാങ്കൽപിക ലോകത്ത് വളരെ നല്ല രീതിയിൽ ചിത്രീകരിക്കുന്നു. ഇവയിലൂടെ ലോകം കാണാം, ലോകത്തെ അറിയാം എന്ന ഉദ്ദേ ശ്യത്തോടെ സിനിമ കാണുന്നവർ ഇതിനെയൊക്കെ യാഥാർഥ്യ മായി കാണുകയും സാങ്കൽപിക ലോകത്ത് കുടുങ്ങപ്പോവുക യും ചെയ്യുന്നു. .

സിനിമയെ പ്രോത്സാഹിപ്പിക്കുന്ന സാധാരണക്കാർ!

ഇന്ന് ആരോപണ വിധേയരായവർ പുറത്തിറങ്ങിയാലും അവരെ കാണാനും കൂടെ സെൽഫിയെടുക്കാനും ആളുകൾ തടിച്ചു കൂടുമെന്നത് സമൂഹത്തെ ബാധിച്ച രോഗത്തിന്റെ അടയാളമാണ്. എന്തുകൊണ്ടാണ് ആളുകൾ സിനിമയിൽ ഇത്രത്തോളം ആകർഷിക്കപ്പെടുന്നത് എന്ന ചോദ്യത്തിന് ഒരുപാട് ഘടകങ്ങൾ ഉത്തരമായി നിരത്താൻ സാധിക്കും.

സിനിമ സകല കലകളുടെയും സമ്മേളനമാണ് എന്ന് മുമ്പൊരാൾ പറഞ്ഞത് കേട്ടിട്ടുണ്ട്. എന്നാൽ, സിനിമ സകല തിന്മകളുടെയും സമ്മേളനമാണ്. സിനിമ കാണിക്കാത്ത തിന്മകളുണ്ടോ?

മാത്രമല്ല, സകല തിന്മകളും പ്രചരിപ്പിക്കാനുള്ള ഉപാധികൂടിയാണ് സിനിമ. ശരാശരി രണ്ടര മണിക്കൂറാണ് ഒരു സിനിമയുടെ ദൈർഘ്യമെങ്കിലും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കാലങ്ങൾ നീണ്ടുനിൽക്കും. ലിബറൽ ചിന്താഗതിക്കാർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ പരസ്പരം തന്നെ മത്സരിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് പ്രചാരണം നടത്താനുള്ള ഏറ്റവും എളുപ്പമുള്ള ഉപാധികളിൽ ഒന്നാണ് സിനിമ എന്നതിൽ തർക്കമില്ല.

ആശയങ്ങൾ സിനിമ പോലുള്ള, സമൂഹത്തിൽ വളരെ സ്വാധീനം ചെലുത്തുന്ന മാധ്യമങ്ങളിലൂടെ നേരിട്ടോ അല്ലാതെയോ പ്രചരിപ്പിക്കാൻ വളരെ എളുപ്പമാണിന്ന്. ഇന്ത്യൻ സിനിമയിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രമുഖ സംവിധായകൻ തന്റെയൊരു അഭിമുഖത്തിൽ 'പരസ്പരം മുഖത്തടിക്കാനുള്ള സ്വാതന്ത്ര്യം ഇല്ലെങ്കിൽ, അതിനർത്ഥം അവർക്കിടയിൽ സ്നേഹമില്ല എന്നതാണ് ' എന്ന് പ്രസ്താവിക്കുകയുണ്ടായി. അയാളുടെ സിനിമകളിൽ ഇത്തരം കാര്യങ്ങളെ വളരെ വലിയ രീതിയിൽ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. അതിനെ തുടർന്നുള്ള ചോദ്യങ്ങൾക്കുള്ള മറുപടിയെന്നോണമാണ് ആ പ്രസ്താവന നടത്തിയത്. അയാളുടെ സിനിമകളിലെ ഒട്ടനവധി രംഗങ്ങളും അതുപോലെ ഈ പ്രസ്താവനയും പല വിമർശനങ്ങളും ഏറ്റുവാങ്ങി. എന്നാലും അയാളുടെ സിനിമകൾ ആളുകളിൽ അസാധാരണ സ്വാധീനം ചെലുത്തുകയും അത്തരം ടോക്സിക് മാസ്ക്യുലിനിറ്റിക്ക് ആരാധകർ കൂടുകയും അയാൾ തന്റെ ആശയം പ്രചരിപ്പിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. എങ്ങനെയാണ് ഇത്തരം വിഡ്ഢിത്തങ്ങളിൽ പോലും ജനങ്ങൾ ആകൃഷ്ടരാകുന്നത്? സിനിമയുടെ അവതരണ ശൈലി തന്നെയാണ് പ്രധാന കാരണം.

സിനിമ ആളുകൾക്ക് മുന്നിൽ ഒരു സാങ്കൽപിക ലോകത്തെ കാണിക്കുകയോ അല്ലെങ്കിൽ യഥാർഥ ലോകത്തിലെ സാങ്കൽപിക കഥാപാത്രങ്ങളെ കാണിക്കുകയോ ആണ് ചെയ്യുന്നത്. യഥാർഥ ലോകത്ത് നടപ്പിലാക്കിയാൽ സമൂഹത്തെ തന്നെ നശിപ്പിക്കാൻ കെല്പുള്ള ലിബറൽ ആശയങ്ങളെ ഇവർ അവരുടെ സാങ്കൽപിക ലോകത്ത് വളരെ നല്ല രീതിയിൽ ചിത്രീകരിക്കുന്നു. ഇവയിലൂടെ ലോകം കാണാം, ലോകത്തെ അറിയാം എന്ന ഉദ്ദേശ്യത്തോടെ സിനിമ കാണുന്നവർ ഇതിനെയൊക്കെ യാഥാർഥ്യമായി കാണുകയും സാങ്കൽപിക ലോകത്ത് കുടുങ്ങിപ്പോവുകയും ചെയ്യുന്നു. .

സമൂഹ വ്യവസ്ഥയെ തകർക്കണം, കെട്ടുപൊട്ടിയ പട്ടം പോലെ ജീവിക്കണം എന്നൊക്കെ സ്വപ്നം കാണുവർക്ക് അവരുടെ സ്വപ്നലോകത്തേക്കുള്ള വഴി വെട്ടലാണ് സിനിമ. ഇതെല്ലാം വെറും ഭാവനകൾ മാത്രമാണ് എന്ന ബോധത്തോടെ സിനിമ കാണുന്നവർ പോലും പതിയെ അവരറിയാതെ തന്നെ അത്തരം ആശയങ്ങൾ അവരിൽ കടന്നു കൂടുന്നു.

സാധാരണക്കാർ അനുകരിക്കണം എന്ന ഉദ്ദേശ്യത്തോടെ, അതിനനുസൃതമായ അവതരണ ശൈ

ലിയിലാണ് ആളുകൾക്ക് മുന്നിൽ ഇത്തരം സിനിമകൾ എത്തുന്നത്. പൊതുവെ, യുവാക്കൾക്കും കൗമാരക്കാർക്കുമിടയിൽ അനുകരണത്വര വളരെ വലുതാണ്. അതിനെ ദൃശ്യമാധ്യമങ്ങൾ വലിയ രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. മുമ്പ് പരാമർശിച്ച സംവിധായകന്റെ കാര്യം തന്നെയാണ് ഏറ്റവും വലിയ തെളിവ്. ബോധമുള്ളവർ ഒരിക്കലും അംഗീകരിച്ചു കൊടുക്കാത്ത കടുത്ത സ്ത്രീ വിരുദ്ധത മസാലയാക്കിയിറക്കുകയും അത് ആളുകൾക്കിടയിൽ വലിയ വിജയമാകുകയും ചെയ്തു.

സിനിമയിലെ ആശയങ്ങൾ ബാരിക്കേടുകൾ തകർത്തെറിഞ്ഞുകൊണ്ട് ജീവിതത്തിലേക്ക് കടന്നു വരുന്നു! റീൽ vs റിയാലിറ്റി എന്ന കാര്യം കൂടുതലായി ഓർക്കേണ്ടത് സിനിമയുടെ കാര്യത്തിൽ തന്നെയാണ്. അത് ഒരാളുടെ, അല്ലെങ്കിൽ ചിലരുടെ ബുദ്ധിയിലുദിക്കുന്ന സാങ്കൽപിക ലോകമാണ്. അവിടെ അവർക്ക് തോന്നുന്നത് നടക്കും. ഇഷ്ടത്തിനനുസരിച്ച് അവർക്ക് മാറ്റം വരുത്താം. സമൂഹം നന്നാവാനല്ല, പണമുണ്ടാക്കുവാനാണ് അവരുടെ ശ്രമം. അത് തിരിച്ചറിയാനുള്ള ബുദ്ധിയും വിവേകവുമില്ലെങ്കിൽ നാശത്തിൽ പതിക്കുമെന്നതിൽ സംശയമില്ല.

ലിബറലിസ്റ്റുകൾ പരസ്പരം മത്സരിക്കുവാൻ കാരണം അവർക്കിടയിൽ തന്നെ വൈരുധ്യങ്ങൾ അനേകമാണ് എന്നതാണ്. ഒരാളുടെ യുക്തിയല്ലല്ലോ മറ്റൊരാളുടെത്. ഒരിടത്ത് മദ്യപാനം ശക്തിയുടെ അടയാളമായി ചിത്രീകരിക്കുമ്പോൾ, മറുവശത്തു അതിന്റെ വിപരീതം കാണിക്കപ്പെടുന്നു.ഈ ആശയങ്ങൾ പരസ്പരം ഏറ്റുമുട്ടുന്നു. ഒരിക്കലും ഇത്തരം വിഡ്ഢിത്തരങ്ങളിലേക്ക് ചെന്ന് ചാടാതിരിക്കുക. തെറ്റും ശരിയും മനുഷ്യന്റെ യുക്തിയിലൂടെയല്ല, സ്രഷ്ടാവിന്റെ മാർഗദർശനങ്ങളിലൂടെയാണ് മനസ്സിലാക്കേണ്ടത്.

'നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതന്മാർ' (ക്വുർആൻ 3:139)




റിയാദിലെ മലിക് സുഊദ് യൂണിവേഴ്സിറ്റിയിലെ അക്വീദ വിഭാഗം പ്രൊഫസർ ശൈഖ് അബ്ദുല്ലാഹ് ബിൻ അബ്ദിൽ അസീസ് അൽ അൻക്വരി പറയുന്നു:

ഒന്നാമത്തെ കാര്യം; നബി(സ്വ)യുടെ ജനന തീയതി കൃത്യമായി നിർണയിക്കുന്ന തെളിവുകളൊന്നും നബി (സ്വ)യിൽ നിന്ന് വന്നിട്ടില്ല. എന്നാൽ, ആഴ്ചയിലെ ഏത് ദിവസമാണ് നബി (സ്വ) ജനിച്ചത് എന്ന് നമുക്കറിയാം. കാരണം, നബി (സ്വ) ജനിച്ചത് തിങ്കളാഴ്ചയാണെന്നും ആ ദിവസം നോമ്പെടുക്കൽ സുന്നത്താണെന്നും അവിടുന്ന് പഠിപ്പിച്ചിട്ടുണ്ട്. (മുസ്‌ലിം: 1612) എന്നാൽ, മാസത്തിലെ ഏത് ദിവസമാണ് നബി (സ്വ) ജനിച്ചതെന്ന് അവിടുന്ന് അറിയിച്ച് തന്നിട്ടില്ല.

രണ്ടാമത്തെ കാര്യം; ആനക്കലഹ വർഷത്തിലെ ഒരു ദിവസത്തിൽ ജനിച്ച 'അബ്ദുല്ലയുടെ മകൻ മുഹമ്മദിനെ', നബിയായിട്ടും റസൂലായിട്ടും അല്ലാഹു തെരഞ്ഞെടുക്കുമെന്നും അദ്ദേഹത്തിന് വഹ്‌യ് ഇറങ്ങുമെന്നും അദ്ദേഹത്തോട് കൂടി നുബുവ്വത്ത് അവസാനിക്കുമെന്നും ഈ ഉമ്മത്തിന് അറിയുമായിരുന്നില്ല. ആ നാട്ടിലെ എല്ലാ കുട്ടികളെയും പോലെ ജനിക്കുകയും വളരുകയും ചെയ്ത ആളാണ് മുഹമ്മദ് നബി(സ്വ)യും.

തങ്ങളുടെ കൂട്ടത്തിലെ ഒരാൾ ജനിച്ച ദിവസം കൃത്യമായി നിർണയിക്കുന്ന പതിവ് അന്ന് അറബികൾക്ക് ഉണ്ടായിരുന്നില്ല. മറിച്ച്, എളുപ്പത്തിൽ ഓർക്കാൻ വേണ്ടി ജനിച്ച വർഷമാണ് അവർക്കിടയിൽ കണക്കാക്കിയിരുന്നത്. 'ആനക്കലഹ വർഷത്തിൽ ജനിച്ച ആൾ', ഫിജാർ യുദ്ധവർഷത്തിൽ ജനിച്ച ആൾ എന്നൊക്കെയാണ് അവർ പറഞ്ഞിരുന്നത്. അല്ലാതെ, അവർ ജനന തീയതി നിർണയിച്ചിരുന്നില്ല.

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 34

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

الْحَمْدُ لِلَّهِ الَّذِي لَهُ مَا فِي السَّمَاوَاتِ
وَمَا فِي الْأَرْضِ وَلَهُ الْحَمْدُ فِي الْآخِرَةِ
وَهُوَ الْحَكِيمُ الْخَبِيرُ ﴿١﴾
يَعْلَمُ مَا يَلِجُ فِي الْأَرْضِ وَمَا يَخْرُجُ
مِنْهَا وَمَا يَنْزِلُ مِنَ السَّمَاءِ وَمَا
يَعْرُجُ فِيهَا وَهُوَ الرَّحِيمُ الْغَفُورُ ﴿٢﴾
وَقَالَ الَّذِينَ كَفَرُوا لَا تَأْتِينَا السَّاعَةُ
قُلْ بَلَىٰ وَرَبِّي لَتَأْتِيَنَّكُمْ عَالِمِ الْغَيْبِ
لَا يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِي السَّمَاوَاتِ
وَلَا فِي الْأَرْضِ وَلَا أَصْغَرُ مِنْ ذَٰلِكَ
وَلَا أَكْبَرُ إِلَّا فِي كِتَابٍ مُبِينٍ ﴿٣﴾
لِيَجْزِيَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ
أُولَٰئِكَ لَهُمْ مَغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٤﴾
وَالَّذِينَ سَعَوْا فِي آيَاتِنَا مُعَاجِزِينَ أُولَٰئِكَ
لَهُمْ عَذَابٌ مِنْ رِجْزٍ أَلِيمٌ ﴿٥﴾
وَيَرَى الَّذِينَ أُوتُوا الْعِلْمَ الَّذِي أُنْزِلَ
إِلَيْكَ مِنْ رَبِّكَ هُوَ الْحَقَّ وَيَهْدِي إِلَىٰ
صِرَاطِ الْعَزِيزِ الْحَمِيدِ ﴿٦﴾

1. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ആരുടെതാണോ ആ അല്ലാഹുവിന് സ്തുതി. അവൻ യുക്തിമാനും സൂക്ഷ്മ ജ്ഞനുമത്രെ.
2. ഭൂമിയിൽ പ്രവേശിക്കുന്നതും, അതിൽ നിന്ന് പുറത്ത് വരുന്നതും, ആകാശത്തുനിന്ന് ഇറങ്ങുന്നതും അതിൽ കയറുന്നതുമായ വസ്തുക്കളെ പറ്റി അവൻ അറിയുന്നു. അവൻ കരുണാനിധിയും ഏറെ പൊറുക്കുന്നവനുമത്രെ.
3. ആ അന്ത്യസമയം ഞങ്ങൾക്ക് വന്നെത്തുകയില്ലെന്ന് സത്യനിഷേധികൾ പറഞ്ഞു. നീ പറയുക: അല്ല, എന്റെ രക്ഷിതാവിനെ തന്നെയാണ, അത് നിങ്ങൾക്ക് വന്നെത്തുകതന്നെ ചെയ്യും. അദൃശ്യകാര്യങ്ങൾ അറിയുന്നവനായ (രക്ഷിതാവ്). ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കമുള്ളതോ അതിനെക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും അവനിൽനിന്ന് മറഞ്ഞ് പോകുകയില്ല. സ്പഷ്ടമായ ഒരു രേഖയിൽ ഉൾപ്പെടാത്തതായി യാതൊന്നുമില്ല.
4. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അവൻ പ്രതിഫലം നൽകുന്നതിന് വേണ്ടിയത്രെ അത്. അങ്ങനെയുള്ളവർക്കാകുന്നു പാപമോചനവും മാന്യമായ ഉപജീവനവും ഉള്ളത്.
5. (നമ്മെ) തോൽപിച്ചുകളയാനായി നമ്മുടെ ദൃഷ്ടാന്തങ്ങളെ എതിർക്കുന്നതിന് ശ്രമിച്ചവരാരോ അവർക്കത്രെ വേദനാജനകമായ കഠിനശിക്ഷയുള്ളത്.
6. നിനക്ക് നിന്റെ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതുതന്നെയാണ് സത്യമെന്നും പ്രതാപിയും സ്തുത്യർഹനുമായ അല്ലാഹുവിന്റെ മാർഗത്തിലേക്കാണ് അത് നയിക്കുന്നതെന്നും ജ്ഞാനം നൽകപ്പെട്ടവർ കാണുന്നുണ്ട്.

(1). (സ്തുതി) ഇവിടെ ഹംദ് എന്നത് അല്ലാഹുവിന്റെ സ്തുതിക്കപ്പെടേണ്ട ഗുണങ്ങൾ, ഉന്നതമായ പ്രവൃത്തികൾ എന്നിവ കൊണ്ട് മഹത്ത്വപ്പെടുത്തുന്നതിനെ സൂചിപ്പിക്കുന്നു. എല്ലാ സ്തുതികളും അല്ലാഹുവിന്നാണ്. അവന്റെ എല്ലാ ഗുണങ്ങളും സ്തുതിക്ക് യോഗ്യമാണ്. കാരണം, അവ പരിപൂർണ ഗുണങ്ങളാണ്. അവന്റെ പ്രവൃത്തികൾ സ്തുതിക്ക് യോഗ്യമാണ്. കാരണം അവ കരുണയും നീതിയും അടിസ്ഥാനമാക്കിയുള്ളതാണ്.

ഇവിടെ അവൻ സ്വയം പുകഴ്ത്തുകയാണ്. കാരണം (ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അവന്റെതാണ്) അവൻ അവയു

ടെയെല്ലാം ഉടമസ്ഥനാണ്. അവ അവന് കീഴ്പ്പെട്ടിരിക്കുന്നു. അവൻ അവയെ നിയന്ത്രിക്കുകയും അവയുടെ കാര്യങ്ങൾ അവൻ ഉദ്ദേശിക്കുന്നതുപോലെ കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

(പരലോകത്തും അവന് സ്തുതി) കാരണം, ഈ ലോകത്ത് അവൻ സ്തുതിക്കപ്പെടുന്നതിനെക്കാളും പരലോകത്ത് അവൻ സ്തുതിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹു തന്റെ സൃഷ്ടികൾക്കിടയിൽ വിധി കൽപിക്കുമ്പോൾ ജനങ്ങളും സർവ സൃഷ്ടികളും അവന്റെ നീതിയുടെ പൂർണത ദർശിക്കും; ശിക്ഷയ്ക്ക് അർഹരായവർ പോലും. അതിലവർ അവനെ പുകഴ്ത്തും. ഹൃദയം നിറച്ച് അവനെ സ്തുതിച്ചുകൊണ്ടേ അവർ നരകത്തിൽ പ്രവേശിക്കൂ. ശിക്ഷ അവരുടെ പ്രവർത്തന ഫലമാണെന്നും അവൻ നീതിമാനാണെന്നും അവർ അംഗീകരിക്കും.

സുഖാനുഗ്രഹത്തിന്റെയും പ്രതിഫലത്തിന്റെയും ഭവനത്തിൽവച്ചുള്ള സ്തുതിയാകട്ടെ; അതിനെ സംബന്ധിച്ച് ധാരാളം രേഖകൾ വന്നിട്ടുണ്ട്. പ്രമാണപരവും യുക്തിപരവുമായ തെളിവുകളും അതിനെ സാക്ഷ്യപ്പെടുത്തുന്നു. സ്വർഗത്തിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഒന്നിനു പുറകെ ഒന്നായി വരുന്നു. ധാരാളം അനുഗ്രഹങ്ങളും അപാരമായ ഔദാര്യവും ലഭിച്ചുകൊണ്ടേയിരിക്കുന്നു. സ്വർഗക്കാരുടെ മനസ്സിൽ യാതൊരാഗ്രഹവും അവശേഷിക്കുന്നില്ല. എന്ത് ഉദ്ദേശിച്ചാലും അത് വിചാരിക്കുന്നതിനെത്രയോ അപ്പുറത്ത് അവർക്ക് ലഭിക്കുന്നു. ഇതുവരെ ആരും ആഗ്രഹിച്ചിട്ടില്ലാത്തതും ചിന്തിച്ചിട്ടില്ലാത്തതുമായ ഗുണങ്ങൾ അവർക്ക് നൽകപ്പെടും. അല്ലാഹുവിനെ അറിയുക, സ്നേഹിക്കുക, സ്തുതിക്കുക എന്നതിൽനിന്നെല്ലാം അവരെ തടയുന്ന യാതൊരു തടസ്സവും സ്വർഗത്തിലില്ല. ആ സ്തുതിയെക്കാളും സ്വർഗക്കാർക്ക് ആസ്വാദ്യകരമായ മറ്റൊന്നുണ്ടോ? അതിനാൽ, അവർ അല്ലാഹുവിനെ കാണുമ്പോഴും അവന്റെ വാക്കുകൾ കേൾക്കുമ്പോഴും എല്ലാ സ്വർഗീയാനന്ദങ്ങളെയും അവർ വിസ്മരിക്കും. സ്വർഗത്തിൽ ദിക്ർ അവർക്ക് ശ്വാസോച്ഛ്വാസം പോലെയായിരിക്കും. അത് എല്ലാ സമയത്തും അവർ നടത്തിക്കൊണ്ടിരിക്കും. സ്വർഗത്തിലെ ആളുകൾക്ക് തങ്ങളുടെ രക്ഷിതാവിന്റെ മഹത്ത്വം എല്ലാ സമയത്തും പ്രകടമായിരിക്കും. അവന്റെ മഹത്ത്വവും ഭംഗിയും പൂർണതയും അവർക്ക് വ്യക്തമാവും. അത് അവനെ പുകഴ്ത്താനും സ്തുതിക്കാനും അവരെ പ്രേരിപ്പിക്കും.

(അവൻ യുക്തിമാനും) അവന്റെ ആധിപത്യത്തിലും കൽപനകളിലും വിലക്കുകളിലും അവൻ യുക്തിമാനാണ്. (സൂക്ഷ്മജ്ഞനുമാകുന്നു).

(2). അതിനാൽ അവന്റെ അറിവിനെ വിശദമായി പരാമർശിക്കുന്നു. (ഭൂമിയിൽ പ്രവേശിക്കുന്നത് അവനറിയുന്നു) അതായത് മഴ, വിത്തുകൾ, മൃഗങ്ങൾ. (അതിൽ നിന്ന് പുറത്തുവരുന്നതും) എല്ലാതരം സസ്യങ്ങൾ, മൃഗങ്ങൾ. (അതിൽ കയറുന്നതുമായ വസ്തുക്കൾ) മലക്കുകൾ, ഭക്ഷണം, അല്ലാഹുവിന്റെ വിധികൾ, അവരെയും അവരുടെ കാര്യങ്ങളെക്കുറിച്ചുള്ള അവന്റെ അറിവും. അല്ലാഹു തുടർന്ന് പറയുന്നു: (അവൻ കരുണാനിധിയും ഏറെ പൊറുക്കുന്നവനുമത്രെ) കരുണയും പാപമോചനവും അവന്റെ വിശേഷണങ്ങളാണ്. അതിന്റെ ഫലങ്ങൾ എപ്പോഴും തന്റെ ദാസന്മാരിൽ ഇറക്കുന്നു; അതിനു വേണ്ടി അവർ ചെയ്യുന്ന കാര്യങ്ങൾക്കനുസരിച്ച്.

(3). അല്ലാഹു അവന്റെ മഹത്ത്വത്തെ സ്വയം വ്യക്തമാക്കുന്നതിലൂടെ ആവശ്യപ്പെടുന്നത് അവനെത്തന്നെ ആരാധിക്കുകയും മഹത്ത്വപ്പെടുത്തുകയും പരിശുദ്ധപ്പെടുത്തുകയും ചെയ്യണമെന്നാണ്. അല്ലാഹുവിനെ കണക്കാക്കേണ്ടവിധം കണക്കാക്കാത്ത ചിലർ ജനങ്ങളിലുണ്ട്. അവനിൽ അവർ അവിശ്വസിക്കുന്നു. മരിച്ചവരെ തിരിച്ചുകൊണ്ടുവരാനും അന്ത്യനാൾ സംഭവിപ്പിക്കാനുമുള്ള അല്ലാഹുവിന്റെ കഴിവിനെ അവർ നിഷേധിക്കുകയും ചെയ്യുന്നു. അതിലവർ പ്രവാചകന്മാരോട് വിയോജിച്ചു. (സത്യനിഷേധികൾ പറഞ്ഞു) അല്ലാഹുവിലും അവന്റെ ദൂതരിലും അവർ കൊണ്ടുവന്നതിലും അവിശ്വസിക്കുന്നവർ. (ആ അന്ത്യസമയം ഞങ്ങൾക്ക് വന്നെത്തുകയില്ലെന്ന്) അതായത്, ഐഹിക ജീവിതമല്ലാതെ മറ്റൊന്നില്ലെന്ന്. ഞങ്ങൾ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു തന്റെ ദൂതനോട് അവർ പറഞ്ഞതിനെ നിഷേധിക്കാനും അതിന് മറുപടി പറയാനും നിർദേശിക്കുന്നതോടൊപ്പം അന്ത്യനാൾ സംഭവിക്കുമെന്ന് സത്യം ചെയ്ത് പറയുകയും ചെയ്യുന്നു. അതിനുള്ള തെളിവ് അദ്ദേഹം അവതരിപ്പിച്ചു. അതംഗീകരിക്കുന്നവർ തീർച്ചയായും പരലോകത്തിൽ വിശ്വസിക്കണം. അത് അല്ലാഹുവിനെ കുറിച്ചുള്ള വിശാലമായ അറിവാണ്.

(അദൃശ്യകാര്യങ്ങൾ അറിയുന്നവൻ) നമ്മുടെ ദൃഷ്ടിയിൽനിന്നും അറിവിൽനിന്നും മറഞ്ഞ കാര്യങ്ങൾ അറിയുന്നവൻ. അപ്പോൾ ദൃശ്യമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് എങ്ങനെയായിരിക്കും? വീണ്ടും അവന്റെ അറിവിനെ കുറിച്ച് ഊന്നിപ്പറയുന്നു: (അവനിൽ

നിന്ന് മറഞ്ഞുപോകുന്നില്ല) അവന്റെ അറിവിൽനിന്നും മറഞ്ഞുപോകുന്നില്ല. (ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, ഒരു അണുവിന്റെ തൂക്കമുള്ളത്) അതായത്, അവന്റെ അറിവിന് അതീതമായ യാതൊന്നും തന്നെയില്ല. സ്വന്തമായി നിൽക്കുന്നവയോ ഒന്നിന്റെ ഭാഗമായി നിൽക്കുന്നതോ ആകട്ടെ-അ ണുവിനെ പോലെ ഏറ്റവും ചെറിയ കണികകൾ പോലും-എല്ലാ വസ്തുക്കളും അവ ൻ അറിയും.

(അതിനെക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും അവനിൽനിന്ന് മറഞ്ഞുപോകുന്നില്ല. സ്പഷ്ടമായ ഒരു രേഖയിൽ ഉൾപ്പെടാത്തതായി യാതൊന്നുമില്ല) അതായത് അതെല്ലാം അവന്റെ അറിവിൽ പെടും. അവന്റെ തൂലിക അത് എഴുതിയിരിക്കുന്നു. അതെല്ലാം 'ലൗഹുൽ മഹ്ഫൂദ്' എന്ന വ്യക്തമായ രേഖയിലുണ്ട്. ഒരു സമയത്തും നിസ്സാരമായ ഒരു കണികപോലും അവന്റെ അറിവിൽനിന്ന് മറയുന്നില്ല. മരിച്ചവരുടെ ശരീരത്തിൽ നിന്നും മണ്ണിൽ അവശേഷിപ്പിക്കുന്നത് അവനറിയും. അതിനാൽ അവരെ ഉയിർത്തെഴുന്നേല്പിക്കുക പ്രയാസകരമല്ല. ഈ അറിവിനെക്കാൾ അത്ഭുതകരമല്ല അവരുടെ ഉയിർത്തെഴുന്നേൽപ്.

(4). ഉയിർത്തെഴുന്നേൽപിന്റെ ഉദ്ദേശ്യമാണ് ഇവിടെ പറയുന്നത്. (വിശ്വസിക്കുന്നവർക്ക് പ്രതിഫലം നൽകുന്നതിന്) അവരുടെ ഹൃദയംകൊണ്ട് അവർ അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും സത്യപ്പെടുത്തിയതിന്. (സൽക്കർമങ്ങൾ പ്രവർത്തിക്കുകയും) വിശ്വാസത്തെ സ്ഥിരീകരിച്ചുകൊണ്ട്. (അങ്ങനെയുള്ളവർക്ക് പാപമോചനമുണ്ട്) അവരുടെ പാപങ്ങൾക്കുള്ള എല്ലാ ശിക്ഷകളെയും പ്രതിരോധിക്കുന്ന വിശ്വാസ-കർമങ്ങൾകൊണ്ട്. (മാന്യമായ ഉപജീവനവും) ആഗ്രഹിച്ചതെല്ലാം നേടിക്കൊടുക്കുന്ന അവരുടെ നന്മകൾ കൊണ്ട്.

(5). (നമ്മെ തോൽപിച്ചുകളയാനായി നമ്മുടെ ദൃഷ്ടാന്തങ്ങളെ എതിർക്കുന്നതിന് ശ്രമിച്ചവരാരോ അവർക്ക്) നമ്മുടെ ദൃഷ്ടാന്തങ്ങളെ പരാജയപ്പെടുത്താനും നിഷേധിക്കാനും. അത് ഇറക്കിയവന്റെ കഴിവുകളെ. അതായത്, മരിച്ചവരെ ജീവിപ്പിക്കുക എന്നതിനെ നിഷേധിക്കുന്നവർ. (അവർക്ക് വേദനാജനകമായ കഠിന ശിക്ഷയാണുള്ളത്) ഹൃദയത്തെയും ശരീരത്തെയും വേദനിപ്പിക്കുന്ന ശിക്ഷ.

(6). ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുന്നവരുടെ നിഷേധത്തെക്കുറിച്ച് പറയുകയും തന്റെ ദൂതന് അവതരിപ്പിച്ചത് സത്യമല്ലെന്ന് അവർ വിചാരിക്കുകയും ചെയ്യുന്നു എന്ന് പരാമർശിച്ച ശേഷം തന്റെ ദാസന്മാരിൽ സത്യവിശ്വാസം സ്വീകരിച്ചവരെക്കുറിച്ച് പറയുകയാണ്. അവരാണ് അറിവുള്ളവർ. അല്ലാഹു തന്റെ ദൂതന് ഇറക്കിയ ഗ്രന്ഥവും അതുൾക്കൊള്ളുന്ന കാര്യങ്ങളും. (അതു തന്നെയാണ് സത്യമെന്നും) അതായത് സത്യം അതിൽ മാത്രം പരിമിതമാണ്. അതിനെതിരാവുന്നതെല്ലാം അസത്യമാണ്. അവർ അറിവിൽ ദൃഢജ്ഞാനത്തിന്റെ പദവിയിലെത്തി. കൂടാതെ, അത് കൽപിക്കുന്നതും വിലക്കുന്നതും അവരെ (പ്രതാപിയും സ്തുത്യർഹനുമായ അല്ലാഹുവിന്റെ മാർഗത്തിലേക്കാണ് അത് നയിക്കുന്നതെന്നും) അവർ കാണുന്നു.

താഴെ പറയുന്ന കാരണങ്ങളാൽ ക്വുർആന്റെ സത്യതയെ അവർ വിശ്വസിക്കുന്നു. അത് കൊണ്ടുവന്നവന്റെ സത്യതയിൽ അവർക്കുറപ്പുണ്ട്. മറ്റൊന്ന് അത് മുൻവേദഗ്രന്ഥങ്ങളിൽ പറഞ്ഞ യാഥാർഥ്യങ്ങളോട് യോജിക്കുന്നു എന്നതാണ്. അതിൽ പറഞ്ഞ കാര്യങ്ങൾ സംഭവിക്കുന്നത് അവൻ നേർക്കുനേർ കാണുന്നു. അതിലുള്ള വചനങ്ങളെ സ്ഥിരീകരിക്കുന്ന തെളിവുകൾ സ്വന്തത്തിലും ചക്രവാളങ്ങളിലും അവർ കാണുന്നു. അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങൾ അതിൽ പറഞ്ഞ കാര്യങ്ങൾ യോജിച്ചുവരുന്നതായി കാണുന്നു. അതിലെ കൽപനകളും വിലക്കുകളും നേരായ പാതയിലേക്ക് നയിക്കുന്നതായി കാണുന്നു. അതിലുള്ള കാര്യങ്ങൾ ആത്മാവിനെ ശുദ്ധീകരിക്കുന്നതും പ്രവർത്തിക്കുന്നവന് പ്രതിഫലം വർധിപ്പിക്കുന്നതുമാണ്. സത്യസന്ധത, ആത്മാർഥത, മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ, കുടുംബബന്ധം ചേർക്കൽ, സർവ സൃഷ്ടികൾക്കും നന്മ ചെയ്യൽ, ഇതുപോലുള്ള കാര്യങ്ങൾ. എല്ലാ ചീത്ത കാര്യങ്ങളെയും അത് വിരോധിക്കുന്നു. അതായത്, മനസ്സിനെ മലിനമാക്കുന്ന, പ്രതിഫലം നഷ്ടപ്പെടുത്തുന്ന, തിന്മയായ കാര്യങ്ങൾ. ശിർക്ക് പോലെ. വ്യഭിചാരം, പലിശ, രക്തം ചിന്തൽ, ധനം, അഭിമാനം എന്നിവയിൽ അനീതി ചെയ്യൽ തുടങ്ങിയ കാര്യങ്ങൾ.

ഇത് അറിവുള്ളവരുടെ പ്രത്യേകതയെ സൂചിപ്പിക്കുന്നു. അവരുടെ മഹത്ത്വത്തിന്റെ ലക്ഷണങ്ങളും അല്ലാഹുവിന്റെ ദൂതൻ കൊണ്ടുവന്നതിനെ എത്രത്തോളം അറിയുകയും സത്യപ്പെടുത്തുകയും ചെയ്യുന്നുവോ അത്രത്തോളം അവന് അതിലെ കൽപനാ വിരോധങ്ങളെക്കുറിച്ച് അറിയുന്നവനായിരിക്കും. പ്രവാചകത്വത്തിന്റെ സത്യതയെ തെളിയിക്കാൻ അല്ലാഹു നിശ്ചയിച്ച പണ്ഡിതന്മാരിൽ പെട്ടവനാണവൻ. ഇവരെക്കൊണ്ടാണ് ധിക്കാരികളായ സത്യനിഷേധികൾക്കെതിരെ അല്ലാഹു തെളിവ് പിടിക്കുന്നത്. ■

മുനവ്വർ ഫൈറൂസ്

# നബിമാർ പ്രാർഥിച്ചത് ആരോട്?

ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല'' (ക്വുർആൻ 51:56).

മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമെന്തെന്ന് ഈ ക്വുർആൻ വചനം വ്യക്തമാക്കുന്നു. അല്ലാഹു ലോകത്തിലെ വിവിധ സമൂഹങ്ങളിലേക്ക് വ്യത്യസ്ത കാലങ്ങളിലായി ദൂതന്മാരെ നിയോഗിച്ചതും ഇതേ കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാനായിരുന്നു.

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)...''(ക്വുർആൻ 16:36).

മുഹമ്മദ് നബി(സ്വ)യോട് അല്ലാഹു പറയുന്നു: "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല'' (ക്വുർആൻ 21:25).

ആരാധനകൾ അഖിലവും സകല ലോകങ്ങളുടെയും പരിപാലകനു മാത്രം അവകാശപ്പെട്ടതത്രെ. സ്രഷ്ടാവും സംരക്ഷകനും പരിപാലകനുമായവനല്ലാതെ ആരാധിക്കപ്പെടാൻ അർഹതയുള്ളവർ ആരുമില്ല. അല്ലാഹു പറയുന്നു:

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്'' (ക്വുർആൻ 2:21,22).

നുഅ്മാനുബ്നു ബശീർ(റ) ഉദ്ധരിക്കുന്നു: അല്ലാഹുവിന്റെ റസൂൽ (സ്വ) അരുളി: "നിശ്ചയം പ്രാർഥന; അത് ആരാധന (ഇബാദത്ത്) തന്നെയാണ്.'' ശേഷം നബി (സ്വ) ഓതി: 'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു; നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച'' (ക്വുർആൻ 40:60)(തിർമിദി 2969).

പ്രാർഥന ആരാധനയാണ് എന്നതുകൊണ്ടുതന്നെ അത് അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. പരിശുദ്ധ ക്വുർആനിൽ അനേകം പ്രാർഥനകളുണ്ട്. നബി(സ്വ) ഒരാൾ രാവിലെ എഴുന്നേൽക്കുന്നത് മുതൽ രാത്രി ഉറങ്ങുന്നതുവരെ വിവിധ സന്ദർഭങ്ങളിലായി ചൊല്ലേണ്ടുന്ന വ്യത്യസ്ത പ്രാർഥനകൾ പഠിപ്പിച്ചിട്ടുണ്ട്. എല്ലാം അല്ലാഹുവിനോട് മാത്രമുള്ള പ്രാർഥനകൾ.

പരിശുദ്ധ ക്വുർആനിൽ നബിമാർ നടത്തിയ ധാരാളം പ്രാർഥനകൾ നമുക്ക് ദർശിക്കുവാൻ സാധിക്കും.അവരെല്ലാവരും വിഷമഘട്ടങ്ങളിലും സന്തോഷ സന്ദർഭങ്ങളിലും പ്രാർഥിച്ചത് അല്ലാഹുവിനോട് മാത്രം. അവയിൽ ചിലത് കാണുക:

### ആദം നബിയുടെ പ്രാർഥന

പറ്റിപ്പോയ അബദ്ധത്തിൽ പശ്ചാത്തപിച്ച് ആദം നബി(അ)യും ഹവ്വാബീവിയും നടത്തിയ പ്രാർഥന ക്വുർആനിൽ ഇപ്രകാരം കാണാം:

رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും'' (7:23).

### നൂഹ് നബി(അ)യുടെ പ്രാർഥന

തന്റെ മാതാപിതാക്കൾക്കും വിശ്വാസികൾക്കും വേണ്ടി നൂഹ് നബി(അ) പ്രാർഥിച്ചു:

رَّبِّ اغْفِرْ لِي وَلِوَالِدَيَّ وَلِمَن دَخَلَ بَيْتِيَ مُؤْمِنًا وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ وَلَا تَزِدِ الظَّالِمِينَ إِلَّا تَبَارًا

"എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ

വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറുത്തുതരേണമേ. അക്രമകാരികൾക്ക് നാശമല്ലാതൊന്നും നീ വർധിപ്പിക്കരുതേ" (71:28)

**ഇബ്റാഹീം നബി(അ)യുടെ പ്രാർഥന**

അല്ലാഹുവിന്റെ കൽപന പ്രകാരം കഅ്ബ പടുത്തുയർത്തുമ്പോൾ ആ സൽകർമം അല്ലാഹു സ്വീകരിക്കുവാനും പ്രതിഫലം ലഭിക്കുവാനുമായി ഇരുവരും പ്രാർഥിച്ചു:

رَبَّنَا تَقَبَّلْ مِنَّآ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (2:127).

വിവിധ ആവശ്യങ്ങൾ സഫലീകൃതമാകുവാനായി മഹാന്മാരായ ആ രണ്ട് പ്രവാചകന്മാരും പ്രാർഥിച്ചത് കാണുക:

رَبَّنَا وَٱجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَآ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽനിന്ന് നിനക്ക് കീഴ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ഞങ്ങളുടെ ആരാധനാ ക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരികയും ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (2:128).

**മൂസാനബി(അ)യുടെ പ്രാർഥന**

അല്ലാഹു ഏൽപിച്ച പ്രബോധനമെന്ന മഹാദൗത്യം നന്നായി നിറവേറ്റുവാനാവശ്യമായ സഹായം ലഭിക്കുന്നതിനായി മൂസാനബി (അ) പ്രാർഥിച്ചത് കാണുക:

رَبِّ ٱشْرَحْ لِى صَدْرِى ۝ وَيَسِّرْ لِىٓ أَمْرِى ۝ وَٱحْلُلْ عُقْدَةً مِّن لِّسَانِى ۝ يَفْقَهُوا۟ قَوْلِى

"എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ. എന്റെ നാവിൽനിന്ന് നീ കെട്ടഴിച്ച് തരേണമേ; ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിന്" (20:25-28)

**അയ്യൂബ് നബി(അ)യുടെ പ്രാർഥന**

രോഗം ബാധിച്ചാൽ ശമനം ലഭിക്കുവാനായി അല്ലാഹുവല്ലാത്തവർക്ക് നേർച്ച നേരുകയും അല്ലാഹുവല്ലാത്തവരോട് രോഗമനത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നവർ സമൂഹത്തിൽ ഏറെയുണ്ട്. കഠിനമായ രോഗം ബാധിച്ചപ്പോൾ അങ്ങേയറ്റം ക്ഷമയവലംബിച്ച് അല്ലാഹുവിനോട് പ്രാർഥിച്ച അയ്യൂബ് നബി(അ)യുടെ ചരിത്രം അല്ലാഹു നമുക്ക് പറഞ്ഞുതരുന്നുണ്ട്.

أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ

"എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ" (ക്വുർആൻ 21:83).

**സകരിയ്യാനബി(അ)യുടെ പ്രാർഥന**

വിവാഹം കഴിഞ്ഞ് രണ്ടോമൂന്നോ വർഷം കഴിഞ്ഞിട്ടും കുട്ടികളുണ്ടാകാത്തപക്ഷം വിവിധ ദർഗകളിലേക്ക് തീർഥയാത്ര നടത്തുന്നവരും ആത്മീയചൂഷകരെ സമീപിക്കുന്നവരും വാർധക്യത്തിലും നിരാശപ്പെടാതെ ഒരു സന്താനത്തിനുവേണ്ടി അല്ലാഹുവിനോട് നിരന്തരം പ്രാർഥിച്ച സകരിയ്യാനബി(അ)യുടെ ജീവിതത്തിൽനിന്നും പാഠമുൾക്കൊള്ളേണ്ടതുണ്ട്:

رَبِّ هَبْ لِى مِن لَّدُنكَ ذُرِّيَّةً طَيِّبَةً ۖ إِنَّكَ سَمِيعُ ٱلدُّعَآءِ

"എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ, തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു" (ക്വുർആൻ 3:38).

**യൂനുസ് നബി(അ)യുടെ പ്രാർഥന**

തന്റെ ജനത എത്ര ഉപദേശിച്ചിട്ടും സത്യമാർഗത്തിലേക്ക് വരാത്തതിനാലുള്ള വിഷമത്താൽ നാട്വിട്ടു പോയ യൂനുസ് നബി(അ) യാത്രാമധ്യേ കപ്പലിൽനിന്ന് കടലിലെറിയപ്പെടുകയും അങ്ങനെ അദ്ദേഹത്തെ മത്സ്യം വിഴുങ്ങുകയുമുണ്ടായി. ഏറ്റവും വിഷമകരമായ ആ അവസ്ഥയിൽ, മത്സ്യത്തിന്റെ വയറ്റിൽനിന്ന് യൂനുസ് നബി(അ) പ്രാർഥിച്ചത് അല്ലാഹുവിനോട് മാത്രം:

لَّآ إِلَٰهَ إِلَّآ أَنتَ سُبْحَٰنَكَ إِنِّى كُنتُ مِنَ ٱلظَّٰلِمِينَ

"നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു"(ക്വുർആൻ 21:87).

ഇനിയും ഒരുപാട് പ്രാർഥനകൾ ക്വുർആനിൽനിന്നും ഉദ്ധരിക്കാൻ സാധിക്കും. അവയെല്ലാം അല്ലാഹുവിനോട് മാത്രം; അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥനക്ക് ഒരു ഉദാഹരണമെങ്കിലും പരിശുദ്ധ ക്വുർആനിൽ നിന്നോ പ്രവാചക അധ്യാപനങ്ങളിൽ നിന്നോ ഉദ്ധരിക്കാൻ ഒരാൾക്കും സാധ്യമല്ല.

*(അവസാനിച്ചില്ല)*

ഉസ്മാൻ പാലക്കാഴി
: 9656 292 244



# മനുഷ്യരാവുക!

പാരിന്നു ഭാരമായ്
തീരാതിരിക്കുക,
പോരിന്നിറങ്ങുക
തിന്മയ്ക്കെതിരിലായ്.
ഭാരം വഹിക്കുവാ-
നാവതുണ്ടാകുമ്പോൾ
കാര്യബോധത്താൽ
കൺതുറന്നീടുക.
ഒഴുക്കിനൊപ്പം
നീന്തൽ സുഖമത്രെ,
എതിരിലായ് നീന്തുന്ന-
തേറെ പ്രയാസമാം.
ഒഴുക്കിനൊപ്പം
നീങ്ങുന്ന ചണ്ടിയായ്
മാറുംവിധം തരം
താഴാതിരിക്കുക.
ആശവേണ്ടാരെങ്കി-
ലും വന്നുണർത്തുമെ-
ന്നാലസ്യമൊക്കെയും
മാറ്റിവെച്ചീടുക.
ജാതി-മതത്തിന്റെ,
വർഗ-വർണത്തിന്റെ
പേരിലുള്ളക്രമ-
പ്പേക്കൂത്ത് കാണുമ്പോൾ...
കക്ഷി രാഷ്ട്രീയത്തിൻ
മറപറ്റി മർത്യന്റെ
നെഞ്ചിൽ കഠാരക-
ളാഴ്ത്തുന്ന കാണുമ്പോൾ...
പശുവിനെ കൊന്നെന്ന
പേരിൽ മനുജനെ
പേപ്പട്ടി പോൽ തല്ലി-
ക്കൊല്ലുന്ന കാണുമ്പോൾ...
മൗനവും പാലിച്ചി-
രിക്കുന്ന മൂഢരായ്
കാലം കഴിച്ചിടു-
ന്നോരറിഞ്ഞീടണം
അപരന്റെ നെഞ്ചിൽ
തുളക്കും കഠാരകൾ
തന്നിലേക്കെത്തില്ലെ-
ന്നാരും നിനയ്ക്കേണ്ട!
നീതിക്കു വേണ്ടി
നിലകൊള്ളുക നമ്മൾ,
നന്മയാൽ ജീവിതം
സമ്പന്നമാക്കുക.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM students

To the **right goal**
Through the **right path**

# 28th WISDOM PROFESSIONAL STUDENTS GLOBAL CONFERENCE

## 11 12 13 OCTOBER 2024

## THIRUVANANTHAPURAM

Wisdom Islamic Students Organization,
CV Complex, PV Swami Road, Calicut-2

+91 8156812292
wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/ 2022-24

Nerpatham Weekly
Published on
14 SEPTEMBER 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

هيئة الحكمة للتعليم والتربية الإسلامية

WISDOM EDUCATION BOARD

അറിവ് പകരാം, കാവലാകാം



SEPT. 2024
**15**
SUNDAY
9:00AM- 4:00PM

WISDOM

# MADRASA TEACHERS Conference

## KOYILANDI

Wisdom Islamic Organization, CV Complex, PV Swami Road, Calicut - 673002